# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-8/839/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1, പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-8/839/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 13-08-2021 |
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 27-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 13-08-2021 |
| 24-08-2021 | 27-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി.ബീന..എ.ഡി, അസി ഓഡിറ്റ് ഓഫീസർ

ശ്രീമതി ജാക്വലിൻ.പി.ഡബ്ലു ,സീ.ഗ്രേ. ഓഡിറ്റർ (13-08-2021 വരെ)

ശ്രീമതി.ശ്രീദേവി.ആർ ,സീ.ഗ്രേ. ഓഡിറ്റർ

ശ്രീ. ലക്ഷ്മീകാന്ത്.പി ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഫ്സത്ത് എം എ | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| എസ് ഹാരിസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| രാജ്കുമാർ ജി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനൂപ് ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 06-06-2020 |
| രമ്യ കെ എസ് | കൃഷി ഓഫീസർ | 08-06-2020 | 08-10-2020 |
| ഡോ. ബിജു എസ് | വെറ്റിനറി സർജന് | 01-04-2020 | 31-03-2021 |
| ഡോ വിവേക് എസ് | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 20-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. വിനിത പി എം | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 31-03-2021 |
| സൂര്യ പി എസ് | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 28-08-2020 | 31-03-2021 |
| അജയഘോഷ് വി എ | വി.ഇ.ഒ , കഞ്ഞിപ്പാടം | 01-04-2020 | 31-03-2021 |
| സാംസൺ എസ് | വി. ഇ, ഒ , നീർക്കുന്നം | 22-01-2021 | 31-03-2021 |
| ലത കെ പി | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| സുജ ജയപാലൻ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| മധു കുമാർ എസ് | ഹെഡ്മാസ്റ്റർ , ഗവ. യു പി എസ് | 01-04-2020 | 30-05-2020 |
| അബ്ദുൾ ലത്തീഫ് | ഹെഡ്മാസ്റ്റർ , ഗവ. യു പി എസ് | 01-06-2020 | 31-03-2021 |
| ഷാരോൺ സുധാകരൻ | അസി. എൻജിനീയർ , എൽ.എസ്.ജി.ഡി | 01-04-2020 | 31-03-2021 |
| സബിത വി എച്ച് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീകുമാർ എസ് | അസി. സെക്രട്ടറി | 01-04-2020 | 15-06-2020 |
| ജയന്തി ഗോപാലകൃഷ്ണൻ | അസി. സെക്രട്ടറി | 17-06-2020 | 31-03-2021 |
| ലൂസി എ ഐ | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 01-07-2020 |
| Vacant | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 02-07-2020 | 27-08-2020 |
| സൂര്യ പി എസ് | സബ്ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 28-08-2020 | 31-03-2021 |
| മനുകൃഷ്ണൻ | കൃഷി ഓഫീസർ | 09-10-2020 | 31-03-2021 |
| ഡോ.ഗോപകുമാർ വി വി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2020 | 19-02-2021 |
| സൈഫുന്നീസ | വി. ഇ, ഒ , നീർക്കുന്നം | 01-04-2020 | 21-01-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: P.Sabu (Audit Officer (HG), On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-1 |
| 2 | വാർഷിക കണക്ക് പരിശോധന – 2020-21- ന്യൂനതകൾ-<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.Sabu (Audit Officer (HG), On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.Sabu (Audit Officer (HG), On 09-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.Sabu (Audit Officer (HG), On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.Sabu (Audit Officer (HG), On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P.Sabu (Audit Officer (HG), On 08-08-2021)<br>Last Updated By: Lakshmikanth P (Auditor, On 24-08-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 04-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.Sabu (Audit Officer (HG), On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-10 |
| 11 | റേഷൻ വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-12 |
| 13 | ചെമ്മീൻ പീലിങ് ഷെഡുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തികുന്നു- പഞ്ചായത്തിന് വരുമാന നഷ്ടവും അധിക ചിലവും<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-13 |
| 14 | വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന പഞ്ചായത്തു വക കടമുറികളുടെ വാടക ലഭിച്ചിട്ടില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-14 |
| 15 | തെറ്റായ ഉപയോഗക്രം രേഖപ്പെടുത്തി - വസ്തുനികുതിയിൽ കുറവ്<br>Written By: Jaquiline P.W (Senior Grade Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-15 |
| 16 | തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-16 |
| 17 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല-<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-17 |
| 18 | ലൈഫ് മിഷൻ ഭവന നിർമ്മാണം അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-18 |
| 19 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 28-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-19 |
| 20 | സാമൂഹ്യസുരക്ഷാപെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യാതെ പെൻഷൻ തുക അനുവദിച്ചു<br>Written By: Jaquiline P.W (Senior Grade Auditor, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-20 |
| 21 | ആർദ്രം മിഷൻ- 1300000/- രൂപയുടെ വിനിയോഗവിവരം ഇല്ല<br>Written By: A.D.Beena (Asst. Audit Officer, On 28-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-21 |
| 22 | പാലിയേറ്റീവ് കെയർ -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 28-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-22 |
| 23 | എ ബി സി പ്രോഗ്രാം -അപാകതകൾ | 1-23 |

| | | |
|---|---|---|
| | Written By: A.D.Beena (Asst. Audit Officer, On 28-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | |
| 24 | തെരുവിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കൽ - വിനിയോഗവിവരം ഇല്ല<br>Written By: A.D.Beena (Asst. Audit Officer, On 28-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-24 |
| 25 | ജലജീവൻ മിഷൻ പദ്ധതി പ്രവൃത്തി ആരംഭിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 28-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-25 |
| 26 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -പ്രവൃത്തി ആരംഭിച്ചിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 29-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-26 |
| 27 | പരസ്യചാർജ്ജിനത്തിൽ ഡിസ്ക്കൌണ്ട് ലഭ്യമാക്കാതെ തുക നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 30-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-27 |
| 28 | ഉപയോഗിക്കാത്ത പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ്- ഗ്രാമപഞ്ചായത്തിന് വൻബാദ്ധ്യത<br>Written By: Sreedevi.R (Senior Grade Auditor, On 30-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-28 |
| 29 | കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന് തുക കൈമാറി ഒരുവർഷം കഴിഞ്ഞിട്ടും വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമായില്ല<br>Written By: Sreedevi.R (Senior Grade Auditor, On 30-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-29 |
| 30 | മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ- മത്സര സ്വഭാവം നഷ്ടമാകുന്നു-<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-30 |
| 31 | 2.75 ലക്ഷം ചെലവഴിച്ച് വനിതകൾക്ക് ടോയ്ലെറ്റ് നിർമ്മാണം- നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയില്ല-<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-31 |
| 32 | ആസ്തി രജിസ്റ്റർ അപ്ഡേഷനും, റോഡ് കണക്ടിവിറ്റിമാപ്പ് തയ്യാറാക്കലും - അവശ്യം വേണ്ട വിവരങ്ങൾ ഇല്ല -<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-32 |
| 33 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- ബിൽ പ്രകാരമുള്ളതിലും അധികം തുക നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 30-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-33 |
| 34 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 30-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-34 |
| 35 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം- അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 30-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ<br>Written By: P.Sabu (Audit Officer (HG), On 24-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lakshmikanth P (Auditor, On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lakshmikanth P (Auditor, On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.Sabu (Audit Officer (HG), On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 26-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

| | |
|---|---|
| അംഗീകരിച്ച തീയതി | 16/03/2020 |
| തീരുമാനം. നം. | 1(1) |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 258090259 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ്. | 254433800 |

### 1-2 വാർഷിക കണക്ക് പരിശോധന - 2020-21- ന്യൂനതകൾ-

അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2020-- 2021 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ഡിമാന്റ് 5672536/-രൂപയും, കളക്ഷൻ 4748183/-രൂപയും ബാലൻസ് 876543/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസ് കാണിച്ചിരിക്കുന്നത് 914602/- രൂപയാണ്. ബാലൻസ് 38059/- രൂപ.

2.ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ബാധ്യത രേഖപ്പെടുത്തിയിട്ടുള്ള 155779/-രൂപയിൽ 118594/- രൂപ ഏത് വർഷത്തെ ആണെന്ന് വ്യക്തമാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂൾ പ്രകാരം സമ്പൂർണ്ണ ശുചിത്വമിനത്തിൽ 1692000/- രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചത് റീ-ക്ലപ്പ് ചെയ്ത് കിട്ടിയ തുകയാണ്. ആയത് തെറ്റായി ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. 2019-20 ലും ടി തുക തെറ്റായി ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

4.ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിൽ 60000/- രൂപ IAY ഇനത്തിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയത് ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.. 2019-20 ലും ടി തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

5. ബാലൻസ് ഷീറ്റിൽ B7 ഷെഡ്യൂൾ പ്രകാരം മറ്റ് ഡെപ്പോസിറ്റുകൾ എന്ന ഇനത്തിൽ 8519/- രൂപ ബാധ്യത കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

6.പെർമിറ്റ്,വാടക രജിസ്റ്ററിൽ കൃത്യമായ യിഡി.സി.ബി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15558983 |
| വരവ് | 84576920 |
| ആകെ | 100135903 |
| ചെലവ് | 77490248 |
| നീക്കിയിരിപ്പ് | 22645655 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| | | സോഫ്റ്റിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | നീക്കിയിരുപ്പ് | ക്യൂ ബിൽ |
| വികസനഫണ്ട് പൊതുവിഭാഗം | - | 3758914 | 14126336 | 17885250 | 3758914 | 14126336 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | - | 102549 | 3084451 | 3187000 | 102549 | 3046689 | 37762 | 0 |
| വികസനഫണ്ട് ടി.എസ്.പി. | - | 0 | 167000 | 167000 | 0 | 92000 | 75000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 0 | 22300750 | 22300750 | 0 | 12702336 | 9598414 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 0 | 5379000 | 5379000 | 0 | 5379000 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | EVM 51623 * | 5052377 | 5104000 | 0 | 4837834 | 266166 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 0 | 13834320 | 13834320 | 0 | 2682218 | 11152102 | |

* നോൺ റോഡ് ഗ്രാന്റിന്റെ രണ്ടാം ഷെഡ്യൂളിൽ നിന്നും ഇലക്ട്രോണിക് വോട്ടിങ് മെഷീന വേണ്ടി സോഴ്സ് ഡിഡക്ഷൻ 51,623/- ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇത് ജി ഓ പ്രൊജക്ട് ഏറ്റെടുക്കേണ്ടതില്ല എന്ന നിർദേശമുള്ളതിനാൽ ജി ഓ പ്രൊജക്ട് ഉൾപ്പെടുത്തിയിട്ടില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 169 | 148421907 | 112 | 57944510 | 12 | 45 | 66.2 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3974 | 1049262 | 1053226 | 1046680 | 6556 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 52270660 | 52270660 | 52270660 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 230640 | 195 |
| കർഷകതൊഴിലാളി പെൻഷൻ | 11057000 | 806 |
| വിധവാപെൻഷൻ | 13695100 | 1040 |
| വാർദ്ധക്യകാലപെൻഷൻ | 21179300 | 1767 |
| വികലാംഗപെൻഷൻ | 5777000 | 402 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 381300 | 26 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2021 തീയതിയിൽ 3:30 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,992/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ

വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ

തിട്ടപ്പെടുത്തപ്പെടുന്നില്ല.

2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങൾ തൻവർഷത്തെ വിതരണവിവരവുമായി പൊരുത്തപ്പെടുന്നില്ല. ഫർണ്ണിച്ചറുകളുടെ വിവരം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് വിതരണ വിവരങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

7.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കിൽ ആവശ്യമായ

വിവരങ്ങളൊന്നും തന്നെ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

8.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/07/2021 | 01/02/2021 To 31/03/2021 | 28/07/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/03/2017 | 2011-12 To 2015-16 | 05/05/2017 |

## 1-11 റേഷൻ വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല

22.01.2019ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലറിൽ പഞ്ചായത്തിന്റെ പരിധിയിൽ പെടുന്ന റേഷൻ വ്യാപാരികൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നുണ്ടോ എന്ന ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന (നം. 9/തീയതി 10-08-2021) നല്കിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ പെടുന്ന 9 റേഷൻ വ്യാപാരികൾക്ക് ലൈസൻസ് എടുക്കുന്നതിനും, ഫീസ് ഒടുക്കുന്നതിനും നോട്ടിസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതിയും,

ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2020-21 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സർക്കാർ മെഡിക്കൽ കോളേജിലെ സീനിയർ റസിഡന്റ് എന്ന വിഭാഗത്തിൽ പെടുന്ന കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ തൊഴിൽ നികുതി ആദ്യ അർദ്ധവർഷത്തിൽ ഒടുക്കി രണ്ടാം അർദ്ധവർഷത്തിൽ ഒടുക്കാത്തതായും, ഒന്നാം അർദ്ധവർഷത്തിൽ ഡിമാൻഡ് ചെയ്തെങ്കിലും രണ്ടാം അർദ്ധവർഷത്തിൽ ഡിമാൻഡ് ചെയ്യാത്തതായും ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ആദ്യ അർദ്ധവർഷത്തിൽ ഈടാക്കി രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിയില്ല | ആദ്യ അർദ്ധവർഷത്തിൽ ഡിമാൻഡ് ചെയ്തു രണ്ടാം അർദ്ധവർഷത്തിൽ ഡിമാൻഡ് ചെയ്തില്ല |
|---|---|---|
| 1 | ഡോ. അരുൺ. കെ. എ | ഡോ. മത്തായി മോഹൻ ദാസ് |
| 2 | ഡോ. മധു ജി കണ്ടത്തിൽ | ഡോ. പാർവതി എസ് മേനോൻ |
| 3 | ഡോ. നമിത ചാണ്ടി | ഡോ. രേവതി രങ്കനാഥൻ |
| 4 | ഡോ. സജാദ്. കെ | ഡോ. ഡോണാ ഡൊമിനിക് |

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ വകുപ്പ് 204 (എ) (I) പ്രകാരം ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽ നികുതി ഈടാക്കണം എന്നിരിക്കെ, മേൽ വിഭാഗത്തിലെ ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്ന തീയതിയും വിട്ടുതൽ ചെയ്യപ്പെടുന്ന തീയതിയും തൊഴിൽ നികുതി രേഖകളിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരത്തിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം. നം.11 /തീയതി 09-08-2021) നല്കിയ മറുപടിയിൽ ഈ വിഭാഗത്തിൽപ്പെടുന്ന ഡോക്ടർമാർ കരാർ അടിസ്ഥാനത്തിൽ 6 മാസകലയാളവിൽ മാത്രം ജോലി ചെയ്യുന്നതിനാലും, ടി ഡോക്ടർമാരുടെ പ്രവേശന തീയതിയോ വിട്ടുതൽ തീയതിയോ രേഖപ്പെടുത്താതെയുള്ള തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് മെഡിക്കൽ കോളേജ് സ്ഥാപന മേധാവി നൽകുന്നതിനാലും കൃത്യമായ ഡിമാൻഡ് കണക്കാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ പരിഹരിക്കുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കത്ത് നൽകിയതായും, ആയതിന്റെ മറുപടി ഓഡിറ്റിൽ ഹാജരാക്കുന്നതായിരിക്കും എന്നും അറിയിച്ചിട്ടുണ്ട്.

## 1-13 ചെമ്മീൻ പീലിങ് ഷെഡുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു- പഞ്ചായത്തിന് വരുമാന നഷ്ടവും അധിക ചിലവും

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 ഓളം ചെമ്മീൻ പീലിങ് ഷെഡുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/തീയതി 25 -08-2021 ) പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടും ഇത്തരം ചെമ്മീൻ പീലിങ് ഷെഡുകൾ അനധികൃതമായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി മറുപടി ലഭിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന പീലിങ് ഷെഡുകളെ സംബന്ധിച്ച് പഞ്ചായത്തിന്റെ പക്കൽ വ്യക്തമായ കണക്കില്ല. ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന ചെമ്മീൻ പീലിങ് ഷെഡുകൾ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നു. ഇത്തരം പീലിങ് ഷെഡുകളിലെ മാലിന്യ സംസ്കരണം, അശാസ്ത്രീയമായി നടക്കുന്നതിനാൽ അത് നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല, ഇത് പരിസ്ഥിതിയെയും സമീപ പ്രദേശത്തെ ജനജീവിതത്തെയും ദോഷകരമായി ബാധിക്കുന്നു.

കാപ്പിത്തോട് പോലെയുള്ള ജലസ്രോതസ്സുകൾ മലിനമാകുന്നതിനും തൻമൂലം അനാരോഗ്യകരമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും കാരണവുമാകുന്നു. മലീമസമായ ഇത്തരം ജലസ്രോതസ്സുകളുടെ നവീകരണത്തിന് പഞ്ചായത്തിന് വൻതുകകൾ ചെലവഴിക്കേണ്ടി വരുന്നതായി കാപ്പിത്തോട് നവീകരണ ചെലവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 34 /തീയതി 27 -08-2021 ) ലഭിച്ച മറുപടിയിൽ നിന്നും വ്യക്തമാണ്. 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ 7,86,016/- രൂപയും, 2020-21 ഇൽ 7,20,338/- രൂപയും (പ്രൊജക്റ്റ് നം : എസ്.ഓ 136/2021) കാപ്പിത്തോട് നവീകരണത്തിനായി മാത്രം ചെലവഴിച്ചിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിൽ അനധികൃതമായി പീലിംഗ് ഷെഡുകൾ പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പുവരുത്തേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-14 വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന പഞ്ചായത്തു വക കടമുറികളുടെ വാടക ലഭിച്ചിട്ടില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അമ്പലപ്പുഴ വടക്ക് വില്ലേജ് ഓഫീസിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 12/02/2014 ലെ IV(26) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 3, 4 മുറികൾ വാടകയ്ക്ക് നല്കാൻ തീരുമാനിച്ച് 2500/- രൂപ താല്ക്കാലിക വാടക നിശ്ചയിക്കപ്പെട്ടു. 21/12/2019 വരെയാണ് മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. തഹസിൽദാർക്കു നല്കിയ 01/07/2021 ലെ എ1/5067/2021 നമ്പർ കത്ത് പ്രകാരം 2014 ഡിസംബർ മുതൽ 2021 ജൂലൈ 31 വരെ വാടക കുടിശികയായ 1,98,306/- രൂപയും, നിയമാനുസൃത പിഴ പലിശയായ 1,19,487/- രൂപാ സഹിതം ആകെ 3,17,793/- രൂപയുടെ നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിരിക്കുന്നത്. വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറിയ്ക്ക് വാടക നിശ്ചയിക്കുന്നതിന് വേണ്ടി വില്ലേജ് ഓഫീസർ 09/12/2015 - ൽ 379/15 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം, കെട്ടിട ഉടമയുടെ സമ്മതപത്രം, കരാർ ഉടമ്പടിയുടെ പകർപ്പ് എന്നിവ 19/01/2016 ഇൽ നമ്പർ എ2.13060/15 കത്തായി വില്ലേജ് ഓഫീസർക്ക് പഞ്ചായത്ത് നല്കിയിട്ടുള്ളതാണ്. തുടർന്നും വാടക ലഭിക്കാത്തതിനെ തുടർന്ന് അമ്പലപ്പുഴ തഹസിൽദാർക്കും,ബഹു.ജില്ലാ കളക്ടർക്കും 08.09.2017, 21.03.2019, 06.03.2020, 23.07.2020, 01.07.2021 തീയതികളിൽ കത്ത് നൽകിയിരുന്നു. വാടക ഒടുക്കുന്നതിനായി തഹസിൽദാർക്കു അവസാനമായി കത്ത് നൽകിയത് 01.07.2021 ലാണ്. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭിച്ചില്ല. 2016-17 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 ലും, 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 ലും ഈ വിഷയത്തെ സംബന്ധിച്ച പരാമർശം നിലനിൽക്കുന്നു. പി.ഡബ്ല്യൂ.ഡിയുമായി ബന്ധപ്പെട്ട് അടിയന്തരമായി സ്ഥിരവാടക നിശ്ചയിച്ച് അപ്രകാരം വാടക ക്രമീകരിച്ച് ഈടാക്കേണ്ടതാണ്. വാടക തുക ഡിമാന്റ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല.

വാടക കുടിശ്ശിക കാലഹരണപ്പെടാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എത്രയും വേഗം വാടക കുടിശ്ശിക ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തെറ്റായ ഉപയോഗക്രം രേഖപ്പെടുത്തി - വസ്തുനികുതിയിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ 18 -ാം വാർഡിൽ സ്ഥിതി ചെയ്യുന്നതും ശ്രീ. ഷാജഹാൻ, ശ്രീമതി റുബീന എന്നിവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച പുതിയ കെട്ടിടങ്ങൾക്ക് 532 G , 532 H എന്നിങ്ങനെ കെട്ടിട നമ്പർ നൽകി പാർപ്പിടാവശ്യത്തിനുള്ള കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി അസ്സസ്സ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗം സംബന്ധിച്ച് അന്വേഷണം നടത്തി മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കെട്ടിടങ്ങൾ ലോഡ്ജിംഗ് ഉദ്ദേശ്യത്തിനായിട്ടാണ് ഉപയോഗിച്ച് വരുന്നതെന്നും ആകയാൽ ഈ കെട്ടിടങ്ങളെ A2 കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതിയിൽ മാറ്റം വരുത്താവുന്നതാണെന്ന് പഞ്ചായത്തിൽ നിന്നും മറുപടി ലഭിക്കുകയുണ്ടായി.

കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച് തെറ്റായ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയത് കാരണം നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു

| കെട്ടിട നമ്പർ, ഉടമയുടെ പേര് വിലാസം | കെട്ടിട നം / തറവിസ്തൃതി | ചുമത്തിയനികുതി @6 /ച.മീ | ചുമത്തേണ്ടനികുതി @30/ച.മീ | കുറവ് |
|---|---|---|---|---|
| ഡോ. വൈ ഷാജഹാൻ<br>റുബീന<br>ഷാമിയാന,കായംകുളം,,,, | 18/532 G<br>107.3 ച.മീ | 644<br>അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള ഇളവുകൾ<br>മേൽക്കൂര -10%<br>64.4 /-<br>വർദ്ധനവ്<br>വഴിസൗകര്യം -20%<br>129/-<br>ആകെ നികുതി - 709 +<br>Library Cess = 36<br>745 | 3219 /-<br>അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള ഇളവുകൾ<br>മേൽക്കൂര -10%<br>321.9 /-<br>വർദ്ധനവ്<br>വഴിസൗകര്യം -20%<br>643.8<br>ആകെ നികുതി 3541 /<br>+ Library Cess<br>=178<br>3719 | 3719-745 = 2974/- |
| ഡോ. വൈ ഷാജഹാൻ<br>റുബീന<br>ഷാമിയാന,കായംകുളം,,,, | 18/532 H<br>107.3 ച.മീ | 644<br>അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള ഇളവുകൾ<br>മേൽക്കൂര -10%<br>64.4 /-<br>വർദ്ധനവ്<br>വഴിസൗകര്യം -20%<br>129/-<br>ആകെ നികുതി - 709 +<br>Library Cess = 36<br>745 | 3219 /-<br>അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള ഇളവുകൾ<br>മേൽക്കൂര -10%<br>321.9 /-<br>വർദ്ധനവ്<br>വഴിസൗകര്യം -20%<br>643.8<br>ആകെ നികുതി 3541 /<br>+ Library Cess<br>=178<br>3719 | 3719-745 = 2974 /- |
| | | ആകെ കുറവ് | | 5948 /- |

മേൽ സൂചിപ്പിച്ച പ്രകാരം സഞ്ചയയിൽ മാറ്റം വരുത്തി നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

2) 2020-21 വർഷത്തെ ഡി ആന്റ് ഓ ലൈസൻസ് രേഖകൾ പ്രകാരം ശ്രീ. വഹാബ് വിളയിൽ ന്യൂ മൻസിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 180.6 ച.മീ വിസ്തീർണ്ണമുള്ളതായ 16/398 നം. കെട്ടിടത്തിൽ എഞ്ചിൻ, വല മറ്റ് അനുബന്ധ ഉപകരണങ്ങൾ വിൽക്കുന്ന വ്യാസാ സ്റ്റോർ ആണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി സംബന്ധിച്ച് സഞ്ചയ ഫോം 6 പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തെ പാർപ്പിടാവശ്യത്തിനുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി ഈടാക്കിയിട്ടുള്ളത്. 2013 ന് മുൻപുള്ള കെട്ടിടം ആയതിനാൽ ARV പ്രകാരമുള്ള നികുതിയുടെ 100 % വർദ്ധനവ് വരുത്തിയാണ് നിലവിൽ നികുതി ഈടാക്കി വരുന്നത്. അതിനാൽ ഈ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ ആവശ്യമായ മാറ്റം വരുത്തി നികുതി പുനർനിർണ്ണയിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിരവധി അപാകതകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

1 .MGNREG പ്രവൃത്തികൾക്ക് ഡിസ് പ്ലേ ബോർഡ് സ്ഥാപിച്ചതിന് കരാറുകർക്ക് അധികം തുക നൽകി

എം. ജി. എൻ. ആർ. ഇ. ജി പ്രവൃത്തികളുടെ ഫൈനൽ പേമെന്റും എം ബുക്കും MIS ലെ ഡേറ്റകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി കരാറുകാർക്ക് അധിക തുക അനുവദിച്ചുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര് | കരാറുകാരൻ | നൽകേണ്ട തുക | നൽകിയ തുക / ഡേറ്റ് | അധികമായി നൽകിയത് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | ഓഫ് പേമെന്റ് | |
| 1 | നാലുപാടം പാടത്തിന്റെ ബണ്ട് നവീകരണം കയർ ഭുവസ്ത്രം ഉപയോഗിച്ച് വാർഡ് 8 | പ്രഭാഷൻ | 4000 | 8000 /- 23.05.20 | 4000 /- |
| 2 | പശുതൊഴുത്ത് നിർമ്മാണം | റ്റി കെ രമണി | 600 | 1100 6/05/19- 600 26/03/20- 500 | 500 |
| 3 | പശുതൊഴുത്ത് നിർമ്മാണം ഉപ്പൂട്ടുങ്കൽ | കാസിം | 500 | 1000 23.05.20 | 500 |
| 4 | മാധവന്റെ വീട് മുതൽ റോഡ് കോൺക്രീറ്റിംഗ് | പ്രഭാഷൺ | 4000 | 8000 23/05/20 | 4000 |
| 5 | രാജായുടെ കട മുതൽ പടിഞ്ഞാറോട്ട് റോഡ് നിർമ്മാണം | കാസിം | 4000 | 8000 23/05/20- 4000 24/07/20- 4000 /- | 4000 |
| | | ആകെ | | | 13000 /- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 1/6.8.21) ലഭ്യമാക്കിയ മറുപടിയിൽ FTO ജനറേറ്റ് ചെയ്യപ്പോൾ തുക രണ്ട് പ്രാവശ്യം ആഡ് ആയതാണെന്നാണ് അറിയിച്ചത്. മറുപടി അംഗീകരിക്കുന്നില്ല. കരാറുകാർക്ക് ക്രവിരുദ്ധമായിട്ടാണ് തുക നൽകിയത്. ആകയാൽ അധികമായി നൽകിയ 13000 /- രൂപ പലിശസഹിതം കരാറുകാരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. എല്ലാ മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകളിലും വാങ്ങിയ സാധനങ്ങളുടെ (സിമന്റ്, മെറ്റൽ,സാന്റ്, സ്റ്റീൽ, ഗ്രാവൽ, ക്വാറി മക്ക് മുതലായവ) ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബിൽ നമ്പരോ, ഇൻവോയ്സ് നമ്പരോ,തിയതിയോ രേഖപ്പെടുത്തിയിട്ടില്ല.

3. സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മസ്റ്റർ റോളുകളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. തൊഴിലാളികളുടെ പേരുകൾ ചേർക്കാത്ത മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടുണ്ട്. മിക്ക മസ്റ്റർ റോളുകളിലും തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. . Details Of Materials Received, Evaluation Of Work & Utilization Certificate എന്ന ഭാഗത്ത് വിവരങ്ങൾ ചേർത്ത് മേറ്റും ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തുന്നില്ല.

4. സൈറ്റ് ഡയറിയിൽ പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം,കൈപ്പറ്റിയ മേറ്റിന്റെ പേര്, ഒപ്പ്, സ്ഥലം, തീയതി, പദ്ധതി ചെലവ്, തൊഴിലാളികളുടെ സാക്ഷ്യപത്രം ഇവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

5. ചില മെറ്റീരിയൽ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ സെക്രട്ടറിയുടെ പെയ്മെന്റ് സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് തുക പാസാക്കിയിട്ടുള്ളത്.

6. വാർഡ് 6 ലെ വാഴയിൽ റോഡ് നിർമ്മാണം (എം. ബുക്ക് നം. 94/20-21/) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഡിസ്പ്ലേ ബോർഡിനായി വകയിരുത്തിയ തുക 1200/- ആണ്, എന്നാൽ എം. ബുക്ക് പ്രകാരം 4000 /- രൂപ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചയാളിന് നൽകിയിട്ടുണ്ട്.

7. ചില മെറ്റീരിയൽ വർക്കുകളിൽ ഡിസ്പ്ലേ ബോർഡിനായി തുക നൽകുന്നുണ്ടെങ്കിലും, ഇത് സ്ഥാപിച്ചതായിട്ടുള്ള ഫോട്ടോയോ, ബോർഡ് വാങ്ങിച്ചതിന്റെ ബില്ലോ ലഭ്യമാക്കിയിട്ടില്ല.

8. വാർഡ് 9 ലെ കോഴിക്കൂട് നിർമ്മാണം പ്രവൃത്തിക്കായി (ശ്രീമതി എലിസബത്ത്) എം ബുക്കിൽ 1000/- രൂപ ഡിസ്പ്ലേ ബോർഡിനായി രേഖപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് 46253.54/- രൂപയാണ് എന്നാൽ ഫൈനൽ പേമെന്റിൽ 45158.74 /- രൂപയാണ് പ്രസ്തുത പ്രവൃത്തിയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്, ഫൈനൽ ബിൽ പരിശോധിച്ചതിൽ ഡിസ്പ്ലേ ബോർഡിന്റെ തുക നൽകിയിട്ടില്ല എന്ന് കാണുകയുണ്ടായി, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബോർഡ് വെച്ചതിന്റെ ഫോട്ടോയും ബില്ലും ലഭ്യമാകാതിരുന്നതിനാലാണ് ബോർഡിന്റെ തുക അനുവദിക്കാഞ്ഞത് എന്നാണ് അറിയിച്ചത്, എന്നാൽ ബോർഡ് സ്ഥാപിക്കാതെ തന്നെ എം ബുക്കിൽ ഈ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്താുകയാണ് ചെയ്തത്.

9.കയർ ഭുവസ്ത്രം വിരിച്ച പ്രവൃത്തികളിൽ കയർ ഭുവസ്ത്രം, മുള എന്നിവ വാങ്ങിയതിന്റെ ബിൽ ലഭ്യമാക്കിയിട്ടില്ല. അതിനാൽത്തന്നെ കയർ ഭുവസ്ത്രം വിരിച്ചതായി ഉറപ്പിക്കാനായിട്ടില്ല.

10 .CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവു ചെയ്തതിനശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 2020-21 -ലെ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. കൂടാതെ മെറ്റീരിയൽസ് സ്റ്റാക്ക് മെഷർ ചെയ്തതായി അളവ് പുസ്തകത്തിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് / കരാറുകാരന്റെ പേര്. | കരാറുകാരൻ ലഭ്യമാക്കിയ മെറ്റലിന്റെ അളവ് | അനുവദിച്ച തുക @2300/$M^3$ | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദ നീയമായ തുക @ 2300/$M^3$ | അധികം നൽകിയത് |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | പട്ടശ്ശേരി ക്ഷേത്രം -പട്ടശ്ശേരി റോഡ് കോൺക്രീറ്റിംഗ് എം. ബുക്ക്. No.116/20-21 | 12.2688 | 28218.24 /- | 11.34864 | 26101.87 | 2116.37 |
| 2 | പത്തിൽ മുതൽ പത്ത് വരെ റോഡ് നിർമ്മാണം നം. 219/20-21 | 12.3809 | 29900/- | 11.452 | 26339 | 3561 /- |
| 3 | ചെങ്ങനാട്ട് മുതൽ കൊട്ടയ്ക്കാട് വരെ റോഡ് നിർമ്മാണം M. Book Nxo.236/20-21 | 28.35 M3 | 65205 | 26.22 | 60306 | 4899 |
| 4 | കറ്റപ്പശ്ശേരി റോഡ് നിർമ്മാണം അടങ്കൽ തുക 500352 /- എം. ബുക്ക് നം. 191/20-21 | 29.25 | 67275 | 27.06 | 62238 | 5037 |
| 5 | വലിയപറമ്പ് നടപ്പാത നിർമ്മാണം എം. ബുക്ക് നം. 208/20-21/ | 7.5075 | 17267.25 | 6.9445 | 15972.35 | 1295 |

11 . <u>MGNREG പ്രവൃത്തികൾ - എം. ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ</u>

MGNREG -ഗ്രാമപഞ്ചായത്തിൽ 2019-20 നടപ്പാക്കിയതും 2020-21 വർഷം പേമെന്റ് ചെയ്തതുമായ കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തികളുടെ മെറ്റിരിയൽ ചെലവുകളിൽ എം. ബുക്കിലെ രേഖപ്പെടുത്തലുകളും ഫൈനൽ പേമെന്റും തമ്മിൽ വ്യത്യാസം കാണപ്പെടുകയുണ്ടായി.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് /എം. ബുക്ക് നം. | വർക്ക് കോഡ് | എം ബുക്ക് പ്രകാരമുള്ള മെറ്റീരിയൽ ചെലവ് | ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരം മെറ്റിരിയൽ ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാരാറ്റ് പാടം വാച്ചാൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് പുനരുദ്ധാരണം | 323328 | 165557 /- | 127365 /- (122850 -24/07/20 4515-5/12/20) | 122850 -24/07/20 4515-5/12/20 |
| 2 | നാനേകാട് പാടം ബണ്ട് നവീകരണം കയർ ഭൂവസ്ത്രം ഉപയോഗിച്ച് M Book No.47/19-20 | 356888 | 82504 /- | 77910 /- (68250 – 24.07.20 9660 – 5.12.20 ) | 9660 /- രൂപ ബാംബൂ വാങ്ങിയതിന് നൽകിയെങ്കിലും ബില്ല് ലഭ്യമാക്കിയിട്ടില്ല |
| 3 | കാക്കാഴം പാടം ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് നവീകരണം എം. ബുക്ക് നം. 06/19-20 | 351472 | 212965.86 /- | 184275 /- 24/07/20 | ബാംബൂ -4559 / ഡിസ്പ്ലേബോർഡ് 4000 / തുക നൽകിയിട്ടില്ല |
| 4 | താമരപ്പള്ളി റോഡ് ആഴം | 332899 | 159036 | 151840 /- /5.12.20 | |

| | | | | | |
|---|---|---|---|---|---|
| | കൂട്ടൽ കയർ 5ഭൂവസ്ത്രം M. Book No.53/19-20 | | | | |
| 6 | കോലടിക്കാട്ട് പാടം ബണ്ട് സംരക്ഷണം കയർ ഭൂവസ്ത്രം ഉപയോഗിച്ച് എം. ബുക്ക് നം. - 39/19-20 | 354685 | 190573 /- | 171015 /- (84500 – 24.07.20 4515 – 5.12.20 78000 – 24.7.29 4000 – 5.12.20 ) | |

ഓരോ പ്രവൃത്തിക്കായും ഉപയോഗിക്കുന്ന മെറ്റീരിയലുകളുടെ അളവുകളും നിരക്കും ഏരിയയും എം. ബുക്കിൽ തെറ്റായി രേഖപ്പെടുത്തുന്നതിനാലാണ് മേൽ സൂചിപ്പിച്ച തരത്തിൽ തുകകളിൽ വ്യത്യസം ഉണ്ടായത്. യാതൊരു വിധ സൈറ്റ് പരിശോധനയും കൂടാതെയാണ് ഒട്ടു മിക്ക പ്രവൃത്തികളുടെയും എം. ബുക്ക് തയ്യാറാക്കിയിട്ടുള്ളത്. സൈറ്റ് പരിശോധയോ മറ്റ് വിശദമായ പരിശോധനയോ, കരാറുകാരൻ ലഭ്യമാക്കുന്ന മെറ്റീരിയൽ ബില്ലുകളോ പരിശോധിക്കാതെയാണ് ഇത്തരത്തിൽ എം.ബുക്ക് തയ്യാറാക്കിയിട്ടുള്ളത്. എം.ബുക്കിലെയും ഫൈനൽ പേമെന്റിലെ വ്യത്യാസവും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം പ്രവൃത്തി പൂർത്തികരിച്ച് 6 ദിവസത്തിനകം കൊടുക്കേണ്ടതിനാൽ കയർ ഭൂവസ്ത്രത്തിന്റെ ബില്ല് ലഭ്യമാകുന്നതിന് മുൻപേ എം. ബുക്ക് എഴുതി ബിൽ പാസാക്കുന്നതിനാലാണ് ഈ വ്യത്യാസം ഉണ്ടാകുന്നതെന്ന് അറിയിക്കുകയുണ്ടായി. സൈറ്റ് പരിശോധന നടത്തി കയർ ഭൂവസ്ത്രം വിരിച്ച ഏരിയ കൃത്യമായി രേഖപ്പെടുത്തി വേണം എം. ബുക്ക് തയ്യാറാക്കേണ്ടത്. ടി വർക്കുകളിൽ പ്രവർത്തി നിർവ്വഹണം സംബന്ധിച്ച ആധികാരിക രേഖയായ അളവുപുസ്തകത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നതിൽ നിന്നും, ചെയ്ത ജോലിയുടെ അളവുകൾ തന്നെയാണോ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് സംശയിക്കുന്നു. ഇത്തരത്തിൽ അലക്ഷ്യമായും അശ്രദ്ധമായും എം. ബുക്ക് തയ്യാറാക്കുന്നതിനാൽ ഫൈനൽ പേമെന്റിൽ ക്രമക്കേട് സംഭവിക്കാനുള്ള സാധ്യതയുണ്ട്. ആകയാൽ മേൽ രേഖപ്പെടുത്തിയ പ്രകാരം അനർഹമായി കരാറുകാരന് തുക നൽകുവാനിടയായിട്ടുണ്ടോയെന്നത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർന്നുള്ള പ്രവൃത്തികളിൽ വ്യക്തതയോടും ശ്രദ്ധയോടും കൂടി എം. ബുക്ക് തയ്യാറാക്കി ഫൈനൽ പേമെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>12 .മെറ്റീരിയൽ വർക്കുകൾക്കായി കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിലെക്കാളും തുക അനുവദിച്ചു</u>

വിശദാംശം ചുവടെ ചേർക്കുന്നു

1)എം ബുക്ക് നമ്പർ - 241/20-21 ( വാഹിദയുടെ വീട് മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ് )

വർക്ക് കോഡ് - 1611001001/RC/320018

മെറ്റീരിയൽസ് ലഭ്യമാക്കിയതിന് കരാറുകാരന് നൽകിയ തുക – 166755/-, (ബിൽ നം./തീയതി, 3200181/ 31.3.21)

- 163354 /- , (ബിൽ നം./തിയതി, 3200182 /31.3.21)

മേൽ പ്രവൃത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

മെറ്റീരിയൽസ് വാങ്ങിയ ബില്ലിൽ ഇൻവോയ്സ് നമ്പരോ ബിൽ നമ്പരോ ചേർത്തിട്ടില്ല.

കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിൽ ഓരോ ഇനത്തിനും നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ള അളവിന്റെ ആകെ തുക ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നതിലും തെറ്റുകൾ ഉണ്ട്. തന്മൂലം കരാറുകാരന് അർഹമായതിലും അധികം തുക നൽകുവാനിടയായിട്ടുണ്ട്. ഉദാഹരണമായി 35.035 Cum ഗ്രാവലിന് 1000 /- രൂപ നിരക്കിൽ 35035/- രൂപയ്ക്ക് പകരം ടാക്സബിൾ വാല്യൂ ആയി കാണിച്ചിരിക്കുന്നത് 54288 /- രൂപയാണ്, ഇത്തരം തെറ്റുകൾ എല്ലാ മെറ്റീരിയൽസിന്റെയും വിലയിൽ ഉണ്ടായിട്ടുണ്ട്.

കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിലെ മെറ്റീരിയൽസിന്റെ അളവിനേക്കാൾ അധികരിച്ച അളവുകളാണ് എം. ബുക്കിൽ ചേർത്ത് ഫൈനൽ പേമെന്റ് ചെയ്തിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | ഇൻവോയ്സ് പ്രകാരം മെറ്റിരിയൽസിന്റെ അളവ്, തുക | | എം. ബുക്കിൽ രേഖപ്പെടുത്തിയ മെറ്റിരിയൽസിന്റെ അളവ്, തുക | | അധികമായി നൽകിയത് |
|---|---|---|---|---|---|
| | അളവ് | റേറ്റ് / തുക | അളവ് | റേറ്റ് | |
| ഗ്രാവൽ | 37.035 | *1000 = 37035/- | 50.85 | *1000 50850 /- | 13.815 X 1000 = 13815/- |
| 40 എം എം മെറ്റൽ | 11.0175 | *2300 25340.25 | 11.0175 | *2300 25340.25 | വ്യത്യാസമില്ല |
| 20mm മെറ്റൽ | 14.1968 | *2300 32653 | 26.781 | *2300 61596 .30/- | 12.584 X 2300 = 28944/-* |
| 10mm മെറ്റൽ | 2.7159 | *2400 6518/- | 7.458 | *2400 17899.20/- | 4.7421 X 2400 = 11381/- |
| സാൻഡ് | 17.0978 | *2400 41035 /- | 23.052 | *2400 55325 .80/- | 5.9542 X2400 = 14290/- |
| സിമന്റ് | 8.1477 | *8200 | 13.7295 | *8200 | 5.5818 X |

| | | | | | |
|---|---|---|---|---|---|
| | Tn | 66811 /- | | 112581.90/- | 8200<br>= 45771/- |
| Mixer / Vibrator | | 5640 /- | | 6656 .27 /- | 1016 .27 /- |
| | | ആകെ അധികമായി നൽകിയത് | | | 115217 /- |

2) എം. ബുക്ക് നമ്പർ - 189/20-21

വർക്ക് കോഡ് - 1611001001/RC/304198

മെറ്റിരിയൽസിന് കരാറുകാരന് നൽകിയ തുക – 158590.94 /- , (ബിൽ നം /തിയതി , 304198 /29.3.21)

- 159724 /- , (ബിൽ നം /തിയതി , 3041981 /29 .3.21)

മേൽ പ്രവ്യത്തി സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു

1. മെറ്റീരിയൽസ് വാങ്ങിയ ബില്ലിൽ ഇൻവോയ്സ് നമ്പരോ ബിൽ നമ്പരോ ചേർത്തിട്ടില്ല.

2.കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിലെ ;ചില മെറ്റീരിയൽസിന്റെ അളവിനേക്കാൾ അധികരിച്ച അളവുകളാണ് എം. ബുക്കിൽ ചേർത്ത് ഫൈനൽ പേമെന്റ് ചെയ്തിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | ഇൻവോയ്സ് പ്രകാരം | | എം ബുക്ക് പ്രകാരം | | അധികമായി നൽകിയത് |
|---|---|---|---|---|---|
| | അളവ് | റേറ്റ് / തുക | അളവ് | റേറ്റ് | |
| ഗ്രാവൽ | 54.45 | *1000 = 54450/- | 50.45 | *1000 54450 /- | വ്യത്യാസമില്ല |
| 40 എം എം മെറ്റൽ | 22.4172 | *2300 51560 | 22.74 | *2300 52302 /- | 742 /- |
| 20mm മെറ്റൽ | 14.7661 | *2300 33962.03/- | 20.02 | *2300 46046 | 12083.97/- |
| 10mm മെറ്റൽ | 2.1307 | *2400 5113.68/- | 3.88 | *2400 9312/- | 4198.32/- |
| സാൻഡ് | 20.5192 | *2400 49246.08 | 24.214 | *2400 58113.6/- | 8867.52/- |
| സിമന്റ് | 8.9622 | *8200 73490.04/- | 11.44 | *8200 93808/- | 20317.96/- |
| Mixer / Vibrator | | 5075/- | | 5075 | വ്യത്യസമില്ല |
| | | ആകെ അധികമായി നൽകിയത് | | | 46209.77<br>Rounded 46210 |

മുകളിൽ ചേർത്തിരിക്കുന്ന രണ്ട് പ്രവ്യത്തികളിലും പൊതുവായി കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. കരാറുകാരന്റെ ഇൻവോയ്സിൽ ഓരോ ഇനത്തിലും ആകെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളത് യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ വളരെയധികം കൂടുതലായിട്ടാണ് കാണിച്ചിരിക്കുന്നത്, അങ്ങനെയാണെങ്കിൽ എന്ത് അടിസ്ഥാനമാക്കിയാണ് ബില്ലിൽ നിന്നും വ്യത്യസ്തമായ അളവിൽ എം. ബുക്കിൽ അളവുകൾ ചേർത്തിരിക്കുന്നത് എന്ന് വ്യക്തമല്ല.

പ്രവർത്തി നിർവ്വഹിക്കപ്പെടുമ്പോൾ തന്നെ സൈറ്റിൽ വെച്ച് പ്രവർത്തി നിർവ്വഹണ ചുമതലയുള്ള എൻജിനീയർ/ഓവർസിയർ വെരിഫിക്കേഷൻ നടത്തി ചെയ്ത പ്രവ്യത്തിയുടെ അളവും, മൂല്യവും, എം. ബുക്കിൽ രേഖപ്പെടുത്തണമെന്നിരിക്കെ, കരാറുകാരൻ പൂർണ്ണമായും മെറ്റീരിയൽസ് ലഭ്യമാക്കാതെ തന്നെ, ആയതിനെക്കാൾ കൂടുതൽ അളവിൽ പ്രവ്യത്തി നിർവ്വഹിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കരാറുകാരൻ ഹാജരാക്കിയ തെറ്റായ ഇൻവോയ്സ് പരിശോധിക്കാതെയാണ് തുക നൽകിയത്.

മേൽ സൂചിപ്പിച്ച രണ്ട് പ്രവ്യത്തികളിലുമായി കരാറുകാരന് അധികമായി നൽകിയ തുക 161427/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളിൽ മേൽ സൂചിപ്പിച്ചതുപോലുള്ള സമാനമായ അപാകതകൾ ഉണ്ട്, എന്നാൽ പരിമിതമായ സമയപരിധിക്കുള്ളിൽ എല്ലാ ഫയലുകളും പരിശോധിക്കുവാൻ സാധിക്കാത്തതിനാൽ തൊഴിലുറപ്പ് പദ്ധതികളുടെ ടി കാലയളവിലെയും മുൻ വർഷങ്ങളിലെയും നിർവ്വഹണം സംബന്ധിച്ച് ഒരു തുടർ അന്വേഷണം നടത്തേണ്ടതാണ്.

## 1-17 ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല-

1) 2020-21 സാമ്പത്തികവർഷം ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന്, ഹോംകോ, ആലപ്പുഴയ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 63/2021 | ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ, ഹോമിയോ മെഡിക്കൽ ഓഫീസർ | 3,50,000/- രൂപ (പ്രോജക്റ്റ് നം. 63/2021 മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) | 2,27,704/ | 1,22,296/- |

മരുന്ന് ലഭ്യമാകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/തീയതി 12-08-2021) ലഭിച്ച മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ 1,22,296/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) 2020-21 സാമ്പത്തികവർഷം ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിന് ആയുർവേദ മരുന്ന് വാങ്ങുന്നതിന് "ഔഷധി" യ്ക്ക് മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 65/2021 | ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിന് ആയുർവേദ മരുന്ന് വാങ്ങൽ, ഹോമിയോ മെഡിക്കൽ ഓഫീസർ | 7,00,000/- (പൊതുവിഭാഗം - 4,35,787/- രൂപാ, മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് 2,64,213/-രൂപാ) | 6,68,674/- | 31,326 /- |

മരുന്ന് ലഭ്യമാകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/തീയതി 12-08-2021) ലഭിച്ച മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ട താണ്. മരുന്ന് ലഭ്യമാകുന്നതുവരെ 31,326 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ലൈഫ് മിഷൻ ഭവന നിർമ്മാണം അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച് വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതിയുടെ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലിലും ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്ന

1) പ്രൊജക്റ്റ് നം. 198/21 (ഫിഷറീസ്)

അടങ്കൽ - 7,60,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെക്ക് നം. - 973267/20.03.21, 1,60,000/-

ചെക്ക് നം. - 109699/25.03.21, 5,20,000/-

ചെക്ക് നം. - 109697/ 25.3.21, 80,000/-

ചെലവ് - 7,60,000/-

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| 1 | നീതു ഹനീഷ് വെള്ളംതെങ്ക് വാർഡ് 14 | 40,000 /- |
| 2 | സീമ സുനിൽകുമാർ കണ്ടത്തിൽ വാർഡ് 14 | 40,000 /- |
| 3 | പാർവ്വതി അജിത് പുതുവൽ വാർഡ് 17 | 40,000 /- |
| 4 | ബീന സുനീഷ് പുളിപ്പറമ്പിൽ വാർഡ് 15 | 40,000 /- |
| 5 | താരസജീവ് പുതുവൽ വാർഡ് 17 | 40,000 /- |
| 6 | വിജീതദാസ് ഗീരിഷ് വെള്ളംതെങ്ക് വാർഡ് 14 | 40,000 /- |

2) പ്രൊജക്റ്റ് നം. 199/21

അടങ്കൽ – 450000/- (എസ്.സി.പി ഫണ്ട്)

1600000 /- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

- 415000 ( ബ്ലോക്ക് പഞ്ചായത്ത് ഷെയർ)

-3520000 (മറ്റുള്ളവ)

ബിൽ നം - 3/20-21 20.03/21 , 200000/-

- 1/20-21 , 22.3.21 . 1,20,000 /-

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| 1 | രാജമ്മ കുഞ്ഞപ്പൻ<br>പനയ്ക്കൽത്തറ<br>വാർഡ് 4 | 40,000/- |
| 2 | സിന്ധു R<br>ലക്ഷം വീട്<br>വാർഡ് 14 | 40,000/- |
| 3 | മോളമ്മ ശ്രീലാൽ<br>പറമ്പിൽ<br>വാർഡ് 10 | 40,000/- |
| 4 | ലക്ഷ്മി വൃക്ഷവിലാസം തോപ്പ്<br>വാർഡ് 2 | 40,000/- |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (4/6.8.21) ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് തുക കൈപ്പറ്റിയതിനുശേഷം ഉണ്ടായ കോവിഡ് വ്യാപനവും നിർമ്മാണ മേഖലയിലെ സ്തംഭനവും കാരണം മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് അറിയിക്കുകയുണ്ടായി. ആയതിനാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ കൊണ്ട് ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -അപാകതകൾ

പ്രോജക്ട് നം. - S 0185/21

പ്രോജക്ടിന്റെ പേര് - പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

തനത് ഫണ്ട് - 150000/-

മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) - 30000/-

ആകെ അടങ്കൽ - 180000/-

അപാകതകൾ ചുവടെ ചേർക്കുന്നു.

തനത് ഫണ്ടിൽ നിന്നും 150000/- രൂപ ചെലവഴിച്ച് (ചെക്ക് നം.2616558 തീയതി.07.08.20)പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്ര, നീർക്കുന്നത്ത് നിന്നും മരുന്ന് വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ തീയതി | ഇനം | തുക | അപാകതകൾ |
|---|---|---|---|---|
| 1 | PV0001555/11.1.21 | 4 ഇനം മരുന്നുകൾ | 50000 | 1)മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖയില്ല.<br>2)തുകയുടെ കൈപ്പറ്റ് വിവരമില്ല.<br>3)മരുന്നുകളുടെ വിനിയോഗവിവരമില്ല. |
| 2 | PB00049/17.7.20 | 23 ഇനം മരുന്നുകൾ | 100000 | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 24.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.26 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 സാമൂഹ്യസുരക്ഷാപെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യാതെ പെൻഷൻ തുക അനുവദിച്ചു

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഏതെങ്കിലും കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ്‌വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ ക്യാൻസൽ ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സോഫ്റ്റ്‌വെയർ സംവിധാനം സേവന സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതിനാൽ അർഹത ഇല്ലാതായ തീയതി മുതൽ സസ്പെന്റ് ചെയ്യുന്നത് വരെയുള്ള ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. ഇത് അനർഹമായ പെൻഷൻ വിതരണത്തിന് കാരണമാകുന്നു.

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിലും 2019-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|
| 1 | സരസമ്മ<br>വിരുത്തുവേലി<br>ലക്ഷംവീട്,കാക്കാഴം, അമ്പലപ്പുഴ വടക്ക്, | കർഷക തൊഴിലാളി പെൻഷൻ | 104500100533 | 9/12/20 | 12/20 മുതൽ6/21 വരെ | 10700 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അബ്ദുള്ള കഞ്ഞ് കൊല്ലംപറമ്പ്, ആലപ്പുഴ മെഡിക്കൽ കോളേജ് P. O | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104500201962 | 13/01/2021 | 1/21 മുതൽ 6/21 വരെ ഏ | 9300 /- |
| 3 | പൊന്നമ്മ പുത്തൻചിറ,വണ്ടാനം.പി.ഒ, അമ്പലപ്പുഴ വടക്ക്,ആലപ്പുഴ | കർഷക തൊഴിലാളി പെൻഷൻ | 104500100293 | 08/01/21 | 1/21 മുതൽ6/21 വരെഏ | 9300 |
| 4 | ഷരീഫ സുബൈദ കാട്ടുംപുറംവെളി ,വണ്ടാനം, അമ്പലപ്പുഴ വടക്ക് | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ് | 104500400078 | 30/03/21 | 3/21 മുതൽ 6/21 വരെ | 6300 |
| 5 | കെ.സരോജിനി ചഉരപ്പറമ്പ്,വണ്ടാനം.പി.ഒ,അമ്പ ആലപ്പുഴ | കർഷക തൊഴിലാളി പെൻഷൻ | 104500100299 | 01/06/20 | 6/20 മുതൽ 6/21 വരെ | 20100 /- |
| 6 | ദേവകി പരിയാരം,വണ്ടാനം,അമ്പലപ്പുഴ | കർഷക തൊഴിലാളി പെൻഷൻ | 104500100395 | 27/06/20 | 6/20 മുതൽ 6/21 വരെഏ | 20100 /- |
| 7 | വാസു.കെ ഞായത്ത് കോളനി,വണ്ടാനം | കർഷക തൊഴിലാളി പെൻഷൻ | 104500100542 | 23/07/20 | 6/20 മുതൽ 6/21 വരെഏ | 20100 /- |
| 8 | മീനാക്ഷി നാൽപ്പതിൽ,വണ്ടാനം.പി.ഒ | കർഷക തൊഴിലാളി പെൻഷൻ | 104500100266 | 30/07/20 | 6/20 മുതൽ 6/21 വരെ | 20100 /- |
| | | | | | | |
| 9 | ജെ.സുധാദേവി വിരുത്തുവേലിൽ,കാക്കാഴം | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ് | 104500600240 | 12/05/20 | 6/20 മുതൽ 6/21 വരെ | 23300 |
| 10 | ഓമന മുളഞ്ഞിയിൽ,വണ്ടാനം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104500200107 | 8/12/20 | 12/20 മുതൽ 6/21 വരെ | 12500 |
| 11 | പൊന്നപ്പൻ മാടവനത്തോപ്പ്,നീർക്കുന്നം | കർഷക തൊഴിലാളി പെൻഷൻ | 104500100201 | 4/02/21 | 2/21 മുതൽ 6/21 വരെ | 8000 /- |
| 12 | കൊച്ചുനാണി ഉപ്പുകേരിൽ,നീർക്കുന്നം | കർഷക തൊഴിലാളി പെൻഷൻ | 104500100142 | 10/09/20 | 10/20 മുതൽ 6/21 വരെ | 18100 |
| 13 | സുഹറ .,കന്നിട്ട തെക്കേതിൽ,നീർക്കുന് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ് | 104500600101 | 24/06/20 | 7/20 മുതൽ 6/21 വരെ | 21800 /- |
| | | | | | | |
| | | | ആകെ | | | 199700 /- |

അനർഹമായ തുക പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരിൽത്തന്നെ ഏതാനും പേരുടെ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് വേളയിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മരണ റിപ്പോർട്ടും സേവന സോഫ്റ്റ്‌വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളും ഒത്തുനോക്കി പരിശോധിച്ച് ലഭിച്ച വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ തുക രൂപ സഹകണ ബാങ്കിലും മറ്റ് ബാങ്കുകളിലും നിന്ന് സർക്കാരിലേക്ക് അടവാക്കിയോന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 21 ഏപ്രിൽ ബാച്ച് 30 വരെയുള്ള പെൻഷൻ തുക സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ മരണപ്പെട്ട എല്ലാ ഗുണഭോക്തക്കളുടെയും പെൻഷൻ തുക വേർതിരിച്ച് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആകയാൽ മേൽ ചൂണ്ടിക്കാട്ടിയ മരണപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും പെൻഷൻ തുക തിരികെ ഒടുക്കിയതിന്റെ വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ മരണപ്പെട്ടവരുടെ പെൻഷൻ അക്കൌണ്ടുകൾ സാങ്കേതിക കാരണങ്ങളാൽ സസ്പെന്റ് ചെയ്യാൻ നിലവിൽ സാധിക്കാത്തതിനാൽ അടുത്തമാസം സസ്പെന്റ് ചെയ്യുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിക്കുകയുണ്ടായി.ഓഡിറ്റ് വർഷം മരണപ്പെട്ടിട്ടും പെൻഷൻ സസ്പെൻറ് ചെയ്യാതെയുള്ള എല്ലാ ഗുണഭോക്താക്കളുടെയും ഫയൽ തയ്യാറാക്കി അക്കൌണ്ട് സസ്പെന്റ് ചെയ്യേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തുക തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറിയെ തുടർന്ന് മരണപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിച്ച അനർഹമായ പെൻഷൻ തുക സർക്കാരിലേക്ക് തിരിച്ചടച്ചു</u>

ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും അവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് സർക്കാരിലേക്ക് തിരിച്ചടക്കുകയുണ്ടായി.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | ബാങ്ക് അക്കൌണ്ട് നം | അനർഹമായ കാലയളവിൽ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് പോയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| എ.കെ.മോഹനൻ ആറ്റുപുറം,വണ്ടാനം, | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ - | 104500201533 | 06/06/20 | 6/20 മുതൽ 6/21 വരെ | 67017786270 (SBIN0070275) | 13000 /- |
| ബീമാ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104500200271 | 25/09/20 | 9/20 മുതൽ 6/21 വരെ | 67254741566 (SBIN0070275) | 18100 |
| ഹമീദ്കഞ്ഞ് വടക്കേ അഞ്ചില് വണ്ടാനം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 104500201782 | 21/10/20 | 11/20 മുതൽ 6/21 വരെ | 67125792167 (SBIN0070275) | 15300 |
| ഫാത്തിമ കന്നിമേൽകോണിൽ,നീർക്കുന്നം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104500200422 | 2/10/20 | 10/20 മുതൽ 6/21 വരെ | 67356073329 (SBIN0070275) | 16700 |
| മുഹമ്മദ് ദ്മേനാംപാക്കളളിൽ,നീർക്കുന്നം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104500200196 | 21/10/20 | 11/20 മുതൽ 6/21 വരെ | 57036057432 (SBIN0070275) | 15500 |
| | | | | | | 78600 /- |

മേൽ സൂചിപ്പിച്ച മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരികെ ഒടുക്കിയതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ വണ്ടാനം ശാഖയുടെ മാനേജർ അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഗുണഭോക്തക്കളുടെ പെൻഷൻ അക്കൌണ്ടുകൾ സാങ്കേതിക കാരണങ്ങളാൽ നിലവിൽ സസ്പെന്റ് ചെയ്യാൻ സാധിക്കുന്നില്ല എന്ന് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആകയാൽ സാങ്കേതിക തടസ്സങ്ങൾ മാറുന്ന മുറയ്ക്ക് അക്കൌണ്ടുകൾ സസ്പെന്റ് ചെയ്തത് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഒടുക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് അവരുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട് .

| | | | | | | |
|---|---|---|---|---|---|---|
| അനസൂയ തെക്കുംമുറി (പുതുവൽ),കാക്കാഴം, | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104500200888 | 29/03/21 | 4/21 മുതൽ 6/21 വരെ | ലഭ്യമല്ല | 1600 രൂപ കൈപ്പറ്റി 1600 /- രൂപ വിതരണം ചെയ്തിട്ടില്ല |
| കാർത്യായനി - പുതുവൽ, നീർക്കുന്നം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104500201880 | 22/12/20 | 1/21 മുതൽ 6/21 വരെ | 15670100121824 (FDRL0001567) | 12500 |

പെൻഷൻ തുക അനർഹമായി കൈപ്പറ്റിയ മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളിൽ അനസൂയ സഹകരണബാങ്ക് വഴി നേരിട്ട് കൈപ്പറ്റുന്ന വ്യകതിയായതിനാൽ സെക്രട്ടറി സഹകരണബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും, കാർത്ത്യായനി അമ്മയ്ക്ക് അനുവദിച്ച തുക തിരിച്ച് ഒടുക്കി രേഖകൾ ഹാജരാക്കുന്നതിന് ഫെഡറൽ ബാങ്ക് വണ്ടാനം ശാഖ മാനേജർക്ക് കത്ത് നൽകിയട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി അറിയിക്കുകയുണ്ടായി. പ്രസ്തുത ഗുണഭോക്താക്കൾക്ക് അനർഹമായി അനുവദിച്ച തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

അനസൂയയ്ക്കും കാർത്യായനി അമ്മയ്ക്കും അനുവദിച്ച 14100 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ആർദ്രം മിഷൻ- 1300000/- രൂപയുടെ വിനിയോഗവിവരം ഇല്ല

പ്രോജക്ട് നം. - S 0151/21(സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - ആർദ്രം മിഷൻ- കഞ്ഞിപ്പാടം പി.എച്ച്.സി.യെ കുടുംബാരോഗ്യകേന്ദ്രം ആക്കി മാറ്റുന്നതിന് എൻ.എച്ച്.എം ന് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) - 1300000/-

ചെലവ് വിവരം

ബിൽനം.2/20-21 തീയതി.17.8.20 തുക.1300000/-

കഞ്ഞിപ്പാടം പി.എച്ച്.സി.യെ കുടുംബാരോഗ്യകേന്ദ്രം ആക്കി മാറ്റുന്നതിന് ആരോഗ്യകേരളത്തിന്റെ 060601001089 നം.അക്കൗണ്ടിലേക്ക് 1300000/- രൂപ നൽകി.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) തുകയുടെ കൈപ്പറ്റ് ഇല്ല.

2) പി.എച്ച്.സി.യെ കുടുംബാരോഗ്യകേന്ദ്രം ആക്കി മാറ്റുന്നതിന് എൻ.എച്ച്.എം തുക വിനിയോഗിച്ചതിന്റെ വിവരം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 24.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 27ന് മറുപടി ലഭ്യമാക്കിയില്ല.1300000/- രൂപ ചെലവഴിച്ച് എൻ.എച്ച്.എം നടത്തിയ പ്രവൃത്തികളുടെ വിശദാംശം ഹാജരാക്കാത്തതിനാൽ ചെലവ് തുക 1300000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് കെയർ -അപാകതകൾ

പ്രോജക്റ്റ് നം. - S 0020/21

പ്രോജക്റ്റിന്റെ പേര് - പാലിയേറ്റീവ് കെയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

വികസനഫണ്ട് - 600000/-

അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബിൽ നം.5/20-21/31.12.20/ തുക.85200/-

വിവിധ ആവശ്യങ്ങൾക്കായി 30 വൗച്ചറുകൾക്കായി 85200/- രൂപ ചെലവഴിച്ചു. എന്നാൽ ചെലവുമായി ബന്ധപ്പെട്ട ബില്ലുകൾ ഒന്നും തന്നെ മെഡിക്കൽ ഓഫീസർ പേമെന്റ് ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ബിൽ നം.9/20-21/30.3.21/ തുക.102000/-

നാലു വൗച്ചറുകളിൽ നിന്നായി 102000/- രൂപ ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | സ്ഥാപനം | ഇൻവോയ്സ് നം/തീയതി | ഇനം | തുക | അപാകതകൾ |
|---|---|---|---|---|---|
| 1 | ഔഷധി,<br>തൃശ്ശൂർ | 121642/<br>25.1.21 | 21 ഇനം മരുന്നുകൾ | 50000 | 1)ബില്ല് മെഡിക്കൽ ഓഫീസർ പേമെന്റ് ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>2)മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖയില്ല.<br>3)തുകയുടെ കൈപ്പറ്റ് വിവരമില്ല.<br>4)മരുന്നുകളുടെ വിനിയോഗവിവരമില്ല. |
| 2 | KMSCL | PRF6052<br>9.3.21 | 11 ITEMS | 50000 | 1)ബില്ല് മെഡിക്കൽ ഓഫീസർ പേമെന്റ് ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>2)സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖയില്ല.<br>3)തുകയുടെ കൈപ്പറ്റ് വിവരമില്ല.<br>4)സാധനങ്ങളുടെ വിനിയോഗവിവരമില്ല. |
| 3 | ഖദീജബദറുദീൻ,<br>എച്ച്.പി.സി ഡീലർ,<br>നീർക്കുന്നം | ബിൽ നം.5763/<br>16.3.21 | KL04AH 6987 വാഹനത്തിന് പെട്രോൾ | 1000 | 1)ബില്ല് മെഡിക്കൽ ഓഫീസർ പേമെന്റ് ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>2)തുകയുടെ കൈപ്പറ്റ് വിവരമില്ല. |
| 4 | ഖദീജബദറുദീൻ,<br>എച്ച്.പി.സി ഡീലർ,<br>നീർക്കുന്നം | ബിൽ നം.5700/<br>24.3.21 | KL04AH 6987 വാഹനത്തിന് പെട്രോൾ | 1000 | 1)ബില്ല് മെഡിക്കൽ ഓഫീസർ പേമെന്റ് ഓർഡർ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>2)തുകയുടെ കൈപ്പറ്റ് വിവരമില്ല.<br>3)വൗച്ചർ നം.3 പ്രകാരമുള്ള 5763 നം.ബില്ലിന്റെ തീയതി 16.3.21. എന്നാൽ 16.3.21 ന് ലഭ്യമായ ബില്ലിനേക്കാൾ 63 നമ്പർ മുമ്പുള്ള ബില്ല് വൗച്ചർ നം.4 പ്രകാരം 24.3.21 ൽ ലഭ്യമായി(ബിൽ നം. 5700). |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 24.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 28 ന് മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ 187200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 എ ബി സി പ്രോഗ്രാം -അപാകതകൾ

2020-21 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 97500/- രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്യു പ്രോജക്ടാണ് എ ബി സി പ്രോഗ്രാം - ജില്ലാ പഞ്ചായത്തിന് വിഹിതം (പ്രോജക്റ്റ് നം.S 0075/21).

ചെലവ് വിവരം - ബിൽ നം.32/20-21/30.12.20 തുക. 97500

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.09.20 ലെ ടി.ആർ.2882/15 നം.കത്ത് പ്രകാരം, 165 നായ്ക്കളെ വന്ധ്യംകരണം നടത്തിയതിന്റെ ചിലവായ 297500/- രൂപയിൽ പഞ്ചായത്ത് നൽകിയ 200000/- രൂപ കിഴിച്ച് ബാക്കി 97500/- നൽകണമെന്ന് ആവശ്യപ്പെട്ടു. ആയതിന് പേവിഷബാധ നിയന്ത്രണത്തിന് വേണ്ടി ജില്ലാ പഞ്ചായത്തിന് നൽകുവാനുള്ള വിഹിതത്തിൽ ബാക്കി നൽകുവാനുള്ള തുക നൽകുന്നതിന് ലക്ഷ്യമിട്ട മേൽ പ്രോജക്റ്റിൽ നിന്നും 97500/- രൂപ നൽകി. അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് പരിധിയിൽ നിന്നും നായ്ക്കളെ കൊണ്ടുപോകുന്നതിനോ, വന്ധ്യംകരണം നടത്തി തിരികെ കൊണ്ടു വരുന്നതിനോ ആധികാരിക രേഖയില്ല.

2) തുകയുടെ വിനിയോഗവിവരം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 11.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയില്ല. നായ്ക്കളെ കൊണ്ടുപോകുന്നതും, വന്ധ്യംകരണം നടത്തി തിരികെ കൊണ്ടു വരുന്നതും പഞ്ചായത്ത് അധികാരികളുടെ രേഖാമൂലമുള്ള അനുമതിയോട് കൂടി ആവുന്നതിനാവശ്യമായ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 തെരുവിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കൽ - വിനിയോഗവിവരം ഇല്ല

തനത് ഫണ്ടിൽ നിന്നും 300000/- രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്യു സ്പിൽ ഓവർപ്രോജക്ടാണ് തെരുവിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കൽ - ബ്ലോക്കിന് വിഹിതം നൽകൽ.(പ്രോജക്റ്റ് നം - S 0167/21. ആയതിന് 06/01/21 തീയതിയിലെ ചെക്ക് നം.5499327 പ്രകാരം, ബ്ലോക്കിന്റെ 196701000004970 നമ്പർ അക്കൗണ്ടിലേക്ക് 300000/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകി. എന്നാൽ തുകയുടെ വിനിയോഗവിവരം ഇല്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് 11.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയില്ല. തെരുവിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ജലജീവൻ മിഷൻ പദ്ധതി പ്രവൃത്തി ആരംഭിച്ചില്ല

2020-21 സാമ്പത്തികവർഷം വികസന ഫണ്ടിൽ നിന്നും 900000/- രൂപയും, ഗുണഭോക്തൃവിഹിതം (തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ-അടവാക്കുന്നത്)- 600000/- ഉൾപ്പെടെ ആകെ അടങ്കൽ 1500000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടാണ് ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷൻ (പ്രോജക്ട് നം - S 0193/21).

ചെലവ് വിവരം - ബിൽ നം.45/20-21 തീയതി.31.3.21 തുക.627320/-

ജലജീവൻ മിഷൻ പദ്ധതി പ്രകാരം, വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. വികസനഫണ്ടിൽ നിന്നും 627320/- രൂപ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, മെമ്പർ സെക്രട്ടറി SWSM (State Water & Sanitation Mission) എന്നിവരുടെ പേരിലുള്ള 00000067119741187 നമ്പർ അക്കൗണ്ടിലേക്ക് നൽകി. അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല.

2) തുകയുടെ വിനിയോഗവിവരം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 11.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ 627320/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -പ്രവൃത്തി ആരംഭിച്ചിട്ടില്ല

2020-21 സാമ്പത്തികവർഷം, വികസനഫണ്ടിൽ (ധനകാര്യകമ്മീഷൻ അവാർഡ്) നിന്നും 814000/- രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടാണ് കുടിവെള്ള കണക്ഷന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. S 0152/21).

ചെലവ് വിവരം - ബിൽ നം.22/14.10.20 തുക. 814000/-

സെക്രട്ടറിയുടെ 14.10.19 ലെ A1/9849/19 നം.കത്ത് പ്രകാരം വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ആലപ്പുഴക്ക് കത്ത് നൽകി. ആയതിന് 31.12.19 ൽ KWA/PHA/D2/20766/19 നം.കത്ത് പ്രകാരം, 814000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 814000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല.

2) പ്രവൃത്തി ആരംഭിച്ചിട്ടില്ല.

2) തുകയുടെ വിനിയോഗവിവരം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 26.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 30ന് മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ചെലവ് തുക 814000/- തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി, ആയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 പരസ്യചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കാതെ തുക നൽകി

220-21 വർഷം പഞ്ചായത്തിന്റെ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരസ്യ ചാർജ്ജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക(CGST&SGST ഉൾപ്പെടാത്തത്) | ചെലവ് വിവരം |
|---|---|---|---|
| 1. | 22000362/10-08-2020 | 17238 | MGNREGS പ്രവൃത്തികളുടെ 2020-21 വർഷത്തെ ടെണ്ടർ, റീടെണ്ടർ പരസ്യം നൽകിയതിന് മാതൃഭൂമി ദിനപ്പത്രത്തിന് നൽകിയ തുക |
| 2. | 22000798/29-12-2020 | 24336 | പദ്ധതി നിർവ്വഹണം പരസ്യമിനത്തിൽ മാതൃഭൂമി ദിനപ്പത്രത്തിന് നൽകിയ തുക |
| 3. | 22001117/17-03-2021 | 32448 | |
| | ആകെ | 74022 | |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.ഒ (പി) നം.17/15, തീയതി 08-12-15 ലെ നാലാം ഖണ്ഡികയിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള ഡിസ്കൗണ്ട് 11103/- രൂപ പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച നൽകുകയും ചെയ്തത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (29/25-08-2021). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ഉപയോഗിക്കാത്ത പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ്- ഗ്രാമപഞ്ചായത്തിന് വൻബാദ്ധ്യത

പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ് ഇനത്തിൽ പ്രതിമാസം 315438/- രൂപ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്. ഡിമാന്റ് നോട്ടീസ് പ്രകാരം 721 പൊതുടാപ്പുകളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. കുടിശിക ഉൾപ്പടെ വാട്ടർ ചാർജ്ജ് ഇനത്തിൽ തൻവർഷം 4919043/- രൂപ ചെലവ് വന്നിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

തനത് ഫണ്ട് - (315438x12) = 3785256

മെയിന്റനൻസ് ഗ്രാന്റ് - (148000+985787) = 1133787

ആകെ -4919043/-

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ വസ്തു നികുതി കളക്ഷൻ 2020-21 വർഷം 4748183/-രൂപയാണ്. എന്നാൽ അതിനേക്കാൾ വലിയ തുകയാണ് വാട്ടർ ചാർജ്ജ് ഇനത്തിൽ തൻവർഷം ചെലവഴിക്കേണ്ടി വന്നിട്ടുള്ളത്. നിലവിൽ ഉപയോഗിക്കുന്ന പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഉപയോഗിക്കാത്ത ടാപ്പുകളുടെയും ചാർജ്ജ് ഒടുക്കേണ്ടിവരുന്നുണ്ട്. ഗാർഹിക കണക്ഷനുകൾക്കായി ഗ്രാമ പഞ്ചായത്ത് നേരിട്ടും നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റി മുഖേനയും ധാരാളം പ്രോജക്ടുകൾ ഓരോ വർഷവും

നടപ്പാക്കുന്നുണ്ട്. എന്നാൽ വെള്ളക്കരമിനത്തിൽ നാളിതുവരെ കുറവുണ്ടായിട്ടില്ല. വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി വാട്ടർചാർജ്ജിനത്തിലെ ചെലവ് കുറയ്ക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/25.8.21) മറുപടി ലഭ്യമാക്കിയില്ല.

## 1-29 കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന് തുക കൈമാറി ഒരുവർഷം കഴിഞ്ഞിട്ടും വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമായില്ല

പ്രോജക്ട് നം.S0120/21- മത്സ്യത്തൊഴിലാളികളുടെ മക്കളായ പ്രൊഫഷണൽ/ബിരുദ/ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണം - സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ - 68685(വികസനഫണ്ട്-പൊതു വിഭാഗം)

ചെലവ് - 68685 (ബിൽ നം.01/21.04.2020)

മേൽ പ്രോജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി 68685 /- രൂപ കേരളാ സ്റ്റേറ്റ് ഐ. ടി മിഷന് 21.04.2020 ൽ നൽകിയിട്ടുണ്ട്. CPRCS പോർട്ടലിൽ നിന്നും 22895/- രൂപ പ്രകാരം3 ലാപ്ടോപ്പ് വാങ്ങുന്നതിനാണ് തുക കൈമാറിയത്. എന്നാൽ നാളിതുവരെ ലാപ്ടോപ്പ് ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/11.08.2021) "22895/-രൂപ പ്രകാരം ജനറേറ്റ് ചെയ്ത ഇൻവോയ്സിന് 31.08.2020 വരെ മാത്രമായിരുന്ന കാലാവധി ഉണ്ടായിരുന്നത്. ഈ കാലയളവിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാതിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥ സ്ഥലം മാറ്റം ലഭിച്ച് പോയതിനാൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാനോ പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താനോ അവർക്ക് കഴിഞ്ഞില്ല. 2020-21 ൽ ലാപ്ടോപ്പിന്റെ വില 27460/- രൂപയായി ഉയർന്നു 3 ലാപ്ടോപ്പ് ലഭിക്കുന്നതിനായി 13695/- രൂപ കെൽട്രോണിന് അധികമായി നൽകേണ്ടതുണ്ട്. അതിനാലാണ് കാലതാമസം ഉണ്ടായത്" എന്ന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. യഥാസമയം വർക്ക് ഓർഡർ നൽകുകയോ കരാറിലേർപ്പെടുകയോ ചെയ്യാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ നിരുത്തരവാദപരമായ സമീപനം മൂലം വിദ്യാർത്ഥികൾക്ക് യഥാസമയം പ്രോജക്ടിന്റെ പ്രയോജനം ലഭ്യമായില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

വിദ്യാഭ്യാസം പൂർണ്ണമായും ഓൺ-ലൈൻ മാർഗ്ഗത്തിൽ ആയ ഈ കോവിഡ് വ്യാപനക്കാലത്ത് വിദ്യാർത്ഥികൾക്ക് അത്യാവശ്യം വേണ്ട പഠനോപകരണമായ ലാപ്ടോപ്പ് ലഭിക്കുന്നതിലെ കാലതാമസം അവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുകയും പദ്ധതി ലക്ഷ്യം തന്നെ ഇല്ലാതാകുകയും ചെയ്യും എന്നതിനാൽ അടിയന്തിരമായി അവ ലഭ്യമാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 68685/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ-മത്സര സ്വഭാവം നഷ്ടമാകുന്നു-

ഈ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പണികളിൽ ഭൂരിഭാഗവും അഞ്ച് ലക്ഷത്തിൽ താഴെയുള്ള മരാമത്ത് പ്രവർത്തികളായതിനാൽ മാനവൽ ടെണ്ടർ/ക്വട്ടേഷൻ വഴിയാണ് നിർവ്വഹിച്ചിട്ടുള്ളത്. അവയിൽ തന്നെ ചെറിയ വ്യത്യാസത്തിലുള്ള രണ്ട് ക്വട്ടേഷൻ മാത്രം ലഭിക്കുകയും, കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പ്രവർത്തി നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന രീതിയാണ് തുടരുന്നത്. ഇപ്രകാരം മരാമത്ത് പ്രവർത്തികൾ അഞ്ച് ലക്ഷത്തിൽ താഴെയുള്ള തുകയിൽ ലിമിറ്റ് ചെയ്ത് നിർവ്വഹിക്കപ്പെടുന്നത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിനുള്ള സാധ്യതകൾ നഷ്ടമാകുകയും, തദ്ദേശസ്ഥാപനത്തിന് അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു. ഇപ്രകാരം നിർവ്വഹിക്കപ്പെട്ട ചില പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ലഭിച്ച മാനവൽ ടെണ്ടറുകളുടെ എണ്ണം | ക്വോട്ട് ചെയ്ത നിരക്കുകൾ | ടെണ്ടർ തുക |
|---|---|---|---|
| 22 ൽ തൈക്കാവ് റോഡ് കോൺക്രീറ്റിംഗ് | 2 | 1)2.5% Above<br>2)എസ്റ്റിമേറ്റ് നിരക്ക്. | 356762 |
| കാപ്പിത്തോടിന് കുറുകെ ഇജാബ- തീരദേശ LPS റോഡ് കൾവർട്ട് നിർമ്മാണം.(പ്രൊ.നം.196/21) | 2 | 1)1.7% Above<br>2)എസ്റ്റിമേറ്റ് നിരക്ക്. | 401671 |
| പഞ്ചായത്ത് ഓഫീസിന് സെപ്റ്റിക് ടാങ്ക് നിർമ്മാണം.(പ്രൊ.നം.48/21) | 2 | 1)4% Below<br>2)4.25% Below | 400483 |

മത്സരാധിഷ്ഠിത ടെണ്ടർ/ക്വട്ടേഷൻ ലഭ്യമാകുന്ന രീതിയിൽ വ്യാപകമായ പരസ്യം നൽകി മാത്രം മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഈ രീതിയിൽ ഉണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കേണ്ടതാണ്.

## 1-31 2.75 ലക്ഷം ചെലവഴിച്ച് വനിതകൾക്ക് ടോയ്ലെറ്റ് നിർമ്മാണം- നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയില്ല-

(പ്രോജക്ട് നം.എസ്സ്.ഒ- 117/21)-

അടങ്കൽ - 281013/- (വി.ഫ.-275000/-, തനത് ഫണ്ട് - 6013/-)

ചെലവു വിവരം - ബിൽ നം.14/20-21;Dt.13-05-20; 275000/-

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ കോൺഫറൻസ് ഹാളിനോടനുബന്ധിച്ച് വനിതകൾക്ക് ടോയ്ലെറ്റ് നിർമ്മാണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവുപുസ്തകം പ്രകാരം ഈ പ്രവർത്തി 18-02-2020 ൽ (പേജ് നം.31) പൂർത്തീകരിച്ചതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ നിർവ്വഹണം സംബന്ധിച്ച് നടത്തിയ സ്ഥല പരിശോധനയിൽ നിർമ്മാണം പൂർത്തിയാക്കിയ ടോയ്ലെറ്റ് ബ്ലോക്ക് നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് കണ്ടു. വാട്ടർ ടാങ്ക് സ്ഥാപിച്ച് ജലം ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടികളും സിവിൽ നിർമ്മാണം പൂർത്തിയാക്കി ഒന്നര വർഷം കഴിഞ്ഞിട്ടും സ്വീകരിച്ചിട്ടില്ല. തന്മൂലം ഈ ടോയ്ലെറ്റ് ബ്ലോക്കിലെ സാനിട്ടറി ഉപകരണങ്ങളും മറ്റും ഉപയോഗമില്ലാതെ നാശോന്മുഖമായ അവസ്ഥയിലാണ്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്നവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വനിതകൾക്കായി നിർമ്മിച്ചിട്ടുള്ള ഈ ടോയ്ലെറ്റ് ബ്ലോക്കിലെ ഉപയോഗത്തിനായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി 2019-20, 2020-21 വർഷങ്ങളിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും നാളിതുവരെ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കാതിരുന്നതിനുള്ള കാരണവും ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് (21/09-08-2021) ലഭ്യമാക്കിയ മറുപടിയിൽ ടോയ്ലെറ്റ് ബ്ലോക്കിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പ്രവർത്തികൾ ഉൾപ്പെടുത്തി സെപ്റ്റിക് ടാങ്കും, അനുബന്ധ സൌകര്യങ്ങളും എന്ന പ്രവർത്തിക്കായി പ്രൊജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിലൂടെ ഈ പ്രശ്നം പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കി ആയത് പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

## 1-32 ആസ്തി രജിസ്റ്റർ അപ്ഡേഷനും, റോഡ് കണക്ടിവിറ്റിമാപ്പ് തയ്യാറാക്കലും - അവശ്യം വേണ്ട വിവരങ്ങൾ ഇല്ല -

പ്രോജക്ട് നം.എസ്സ്.ഒ- 140/21

അടങ്കൽ - 200000/- (വി.ഫ.-90000/-, തനത് ഫണ്ട് - 110000/-)

ചെലവു വിവരം - ബിൽ നം.57/20-21;Dt.27-02-21; 90000/-

- വൌച്ചർ നം.22001099/Dt.10-03-21; 10000/-

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ആസ്തി രജിസ്റ്റർ അപ്ഡേഷനും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കലും എന്ന പദ്ധതിയ്ക്കായി 100000/- (ഒരു ലക്ഷം രൂപ) ഡയറക്ടർ, ഗ്രാമീണ പഠന കേന്ദ്രം, കരകുളം, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.

ഈ പ്രവർത്തിയുടെ കരാറിലെ (കരാർ നം.18/AE/LSGD?ANGP?20-21 Dt.11-01-2021) ധനവിനിയോഗം സംബന്ധിച്ച ഭാഗത്ത് കരാർ വെച്ച് പ്രവർത്തനം ഉടങ്ങിയതായി ഗ്രാമപഞ്ചായത്തിന് ബോധ്യമാകുന്ന മുറയ്ക്ക് ഒന്നാം ഗഡുവും (20%) ഫീൽഡ് സർവ്വെ പ്രവർത്തനം പൂർത്തിയാവുന്ന മുറയ്ക്ക് രണ്ടാം ഗഡുവും (50%), പദ്ധതി പൂർത്തീകരിച്ച് ഓൺലൈനായി പ്രവർത്തിച്ചു ഉടങ്ങുമ്പോൾ അവസാന ഗഡുവും(30%) നൽകണമെന്നതാണ് വ്യവസ്ഥ. എന്നാൽ പദ്ധതി അടങ്കലിന്റെ 50% ഉം കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി മുൻകൂറായി നൽകി. പ്രവർത്തി 2021 മെയ് മാസം പൂർത്തീകരിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-09 / 09-08-2021)മറുപടി നൽകിയിട്ടുണ്ട്.

GPRISM എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള ഈ ആസ്തി രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിശോധിച്ചതിൽ, പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും റോഡുകൾ, സർക്കാർ കെട്ടിടങ്ങൾ, കുളങ്ങൾ, പാലങ്ങൾ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച എല്ലാ ആസ്തികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും, ഏതെങ്കിലും ആസ്തികൾ ചേർക്കാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ ആയത് കണ്ടു പിടിക്കുന്നതിനോ, പരിശോധിക്കുന്നതിനോ സംവിധാനമൊന്നും തന്നെയില്ല. അതുപോലെ ഏതു വർഷം നിർമ്മിച്ചു, നിർമ്മാണചെലവ് എത്ര? ഉടങ്ങിയ വിവരങ്ങളും ലഭ്യമല്ല. മാത്രുവുമല്ല, തൻവർഷം നിർമ്മിച്ചിട്ടുള്ള ആസ്തികളുടെ വിവരങ്ങൾ പോലും ഈ സൈറ്റിൽ നിന്നും കണ്ടെത്താനാവാത്ത സ്ഥിതിയാണ്. ആയതിനാൽ മേൽ വിവരങ്ങൾ പരിശോധിക്കാൻ കഴിയുന്ന രീതിയിലും, ആസ്തി സൃഷ്ടിക്കൽ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലും വിവരങ്ങൾ സൈറ്റിൽ അപ് ലോഡ് ചെയ്യാൻ കഴിയുന്ന രീതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ട നടപടികൾ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

## 1-33 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- ബിൽ പ്രകാരമുള്ളതിലും അധികം തുക നൽകി

പ്രോജക്ട് നം.S0024/21 – എസ്.സി.വിഭാഗം പ്രൊഫഷണൽ/ബിരുദ/ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണം- ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ

അടങ്കൽ -114480 (വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 109840 (ബിൽ നം.06/26.03.2021)

പ്രൊഫഷണൽ/ ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായിരുന്ന പ്രോജക്ട്. 4 ലാപ്ടോപ്പ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ. റ്റി. മിഷന് 109840/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിനോടൊപ്പം ലഭ്യമാക്കിയ Acer India (Private) Limited ന്റെ ടാക്സ് ഇൻവോയ്സിൽ ലാപ്ടോപ്പുകളുടെ നികുതിയടക്കം 104832/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ഇൻവോയ്സ് നം. PYS121009252/06.11.2020). യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 5008/- രൂപ (Rs.109840-104832) അധികം പദ്ധതിയിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. യഥാർത്ഥ ബില്ലിലും അധികമായി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-33/ 28.08.2021) മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങളുടെ യഥാർത്ഥ വാങ്ങൽ വിലയിലും അധികമായി നൽകിയ 5008/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

.

## 1-34 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.S0068/21- കന്നുകുട്ടി പരിപാലനം

നിർവ്വഹണം – വെറ്ററിനറി സർജൻ

അടങ്കൽ – 312500 (വികസനഫണ്ട്-പൊതു വിഭാഗം)

– 31250 (ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്)

ചെലവ് - 312500 (ബിൽ നം.03/14.01.2021)

വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി (25 യൂണിറ്റ്) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി.ഡയറക്ടർക്ക് 312500/- രൂപ 14.01.2021ൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 312500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം.32/26.08.2021).

## 1-35 അങ്കണവാടികളുടെ ഭൗതിക സാഹചര്യം- അവലോകനം

കെട്ടിടം -അമ്പലപ്പുഴ വടക്ക ഗ്രാമപഞ്ചായത്ത് പരിധിയിൽ 27അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 16 എണ്ണം സ്വന്തം കെട്ടിടത്തിലും 10 എണ്ണം വാടകകെട്ടിടത്തിലും 1 എണ്ണം വാടകയില്ലാത്ത കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- എല്ലാ അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ് ലെറ്റ്- 4 അങ്കണവാടികൾക്ക് മാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് സൌകര്യം ഉള്ളത്.

വൈദ്യുതി- എല്ല് അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്

ചുറ്റുമതിൽ- 23 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടങ്ങളിൽ 2 എണ്ണം അൺഫിറ്റ് ആണ്. അങ്കണവാടി നം.125, 126 എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ ആണ് അൺഫിറ്റ് ആയിട്ടുള്ളത്. അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവ സുരക്ഷിത കെട്ടിടങ്ങളാണെന്നുറപ്പ് വരുത്തുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 11 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ്, കുടിവെള്ള കണക്ഷൻ ഉടങ്ങിയ ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോൽസവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3105/ഡി.സി.2/ 2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.13/10.08.2021 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിരവധി അപാകതകൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

1 .MGNREG പ്രവൃത്തികൾക്ക് ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് കരാറുകർക്ക് അധികം തുക നൽകി

എം.ജി.എൻ.ആർ.ഇ.ജി പ്രവൃത്തികളുടെ ഫൈനൽ പേമെന്റും എം. ബുക്കും MIS ലെ ഡേറ്റകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി കരാറുകാർക്ക് അധിക തുക അനുവദിച്ചുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ | നൽകേണ്ട തുക | നൽകിയ തുക/ ഡേറ്റ് ഓഫ് പേമെന്റ് | അധികമായി നൽകിയത് |
|---|---|---|---|---|---|
| 1 | നാലുപാടം പാടത്തിന്റെ ബണ്ട് നവീകരണം കയർ ഭുവസ്ത്രം ഉപയോഗിച്ച് വാർഡ് 8 | പ്രഭാഷൻ | 4000 | 8000/- 23.05.20 | 4000/- |
| 2 | പശുതൊഴുത്ത് നിർമ്മാണം | റ്റി.കെ രമണി | 600 | 1100 6/05/19- 600 26/03/20- 500 | 500 |
| 3 | പശുതൊഴുത്ത് നിർമ്മാണം ഉപ്പൂട്ടുങ്കൽ | കാസിം | 500 | 1000 23.05.20 | 500 |
| 4 | മാധവന്റെ വീട് മുതൽ റോഡ് കോൺക്രീറ്റിംഗ് | പ്രഭാഷൺ | 4000 | 8000 23/05/20 | 4000 |
| 5 | രാജായുടെ കട മുതൽ പടിഞ്ഞാറോട്ട് റോഡ് നിർമ്മാണം | കാസിം | 4000 | 8000 23/05/20- 4000 24/07/20- 4000/- | 4000 |
| | | ആകെ | | | 13000/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം 1/6.8.21) ലഭ്യമാക്കിയ മറുപടിയിൽ FTO ജനറേറ്റ് ചെയ്തപ്പോൾ തുക രണ്ട് പ്രാവശ്യം ആഡ് ആയതാണെന്നാണ് അറിയിച്ചത്. മറുപടി അംഗീകരിക്കുന്നില്ല. കരാറുകാർക്ക് ക്രവിരുദ്ധമായിട്ടാണ് തുക നൽകിയത്. ആകയാൽ അധികമായി നൽകിയ 13000/- രൂപ പലിശസഹിതം കരാറുകാരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. എല്ലാ മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകളിലും വാങ്ങിയ സാധനങ്ങളുടെ (സിമന്റ്, മെറ്റൽ,സാന്റ്, സ്റ്റീൽ, ഗ്രാവൽ, ക്വാറി മക്ക് മുതലായവ) ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബിൽ നമ്പരോ, ഇൻവോയ്സ് നമ്പരോ, തീയതിയോ രേഖപ്പെടുത്തിയിട്ടില്ല.

3. സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മസ്റ്റർ റോളുകളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. തൊഴിലാളികളുടെ പേരുകൾ ചേർക്കാത്ത മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടുണ്ട്. മിക്ക മസ്റ്റർ റോളുകളിലും തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. Details Of Materials Received, Evaluation Of Work & Utilization Certificate എന്ന ഭാഗത്ത് വിവരങ്ങൾ ചേർത്ത് മേറ്റും ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തുന്നില്ല.

4. സൈറ്റ് ഡയറിയിൽ പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം, കൈപ്പറ്റിയ മേറ്റിന്റെ പേര്, ഒപ്പ്, സ്ഥലം, തീയതി, പദ്ധതി ചെലവ്, തൊഴിലാളികളുടെ സാക്ഷ്യപത്രം ഇവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

5. ചില മെറ്റീരിയൽ പ്രവൃത്തികളുടെ അളവ് പുസ്തകങ്ങളിൽ സെക്രട്ടറിയുടെ പെയ്മെന്റ് സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് തുക പാസാക്കിയിട്ടുള്ളത്.

6.വാർഡ് 6 ലെ വാഴയിൽ റോഡ് നിർമ്മാണം (എം. ബുക്ക് നം. 94/20-21/) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഡിസ്പ്ലേ ബോർഡിനായി വകയിരുത്തിയ തുക 1200/- ആണ്, എന്നാൽ എം. ബുക്ക് പ്രകാരം 4000/- രൂപ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചയാളിന് നൽകിയിട്ടുണ്ട്.

7.ചില മെറ്റീരിയൽ വർക്കുകളിൽ ഡിസ്പ്ലേ ബോർഡിനായി തുക നൽകുന്നുണ്ടെങ്കിലും, ഇത് സ്ഥാപിച്ചതായിട്ടുള്ള ഫോട്ടോയോ, ബോർഡ് വാങ്ങിച്ചതിന്റെ ബില്ലോ ലഭ്യമാക്കിയിട്ടില്ല.

8.വാർഡ് 9 ലെ കോഴിക്കൂട് നിർമ്മാണം പ്രവൃത്തിക്കായി (ശ്രീമതി എലിസബത്ത്) എം. ബുക്കിൽ 1000/- രൂപ ഡിസ്പ്ലേ ബോർഡിനായി രേഖപ്പെടുത്തിയിട്ടുണ്ട്. എം.ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് 46253.54/- രൂപയാണ്. എന്നാൽ ഫൈനൽ പേമെന്റിൽ 45158.74/- രൂപയാണ് പ്രസ്തുത പ്രവൃത്തിയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്, ഫൈനൽ ബിൽ പരിശോധിച്ചതിൽ ഡിസ്പ്ലേ ബോർഡിന്റെ തുക നൽകിയിട്ടില്ല എന്ന് കാണുകയുണ്ടായി, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബോർഡ് വെച്ചതിന്റെ ഫോട്ടോയും ബില്ലും ലഭ്യമാകാതിരുന്നതിനാലാണ് ബോർഡിന്റെ തുക അനുവദിക്കാഞ്ഞത് എന്നാണ് അറിയിച്ചത്, എന്നാൽ ബോർഡ് സ്ഥാപിക്കാതെ തന്നെ എം. ബുക്കിൽ ഈ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തുകയാണ് ചെയ്തത്.

9.കയർ ഭൂവസ്ത്രം വിരിച്ച പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം, മുള എന്നിവ വാങ്ങിയതിന്റെ ബിൽ ലഭ്യമാക്കിയിട്ടില്ല. അതിനാൽത്തന്നെ കയർ ഭൂവസ്ത്രം വിരിച്ചതായി ഉറപ്പിക്കാനായിട്ടില്ല.

10.CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവു ചെയ്തതിനശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 2020-21 -ലെ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. കൂടാതെ മെറ്റീരിയൽസ് സ്റ്റാക്ക് മെഷർ ചെയ്തതായി അളവ് പുസ്തകത്തിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് / കരാറുകാരന്റെ പേര്. | കരാറുകാരൻ ലഭ്യമാക്കിയ മെറ്റലിന്റെ അളവ് | അനുവദിച്ച തുക @2300/$M^3$ | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദ നീയമായ തുക @ 2300/$M^3$ | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | പട്ടശ്ശേരി ക്ഷേത്രം -പട്ടശ്ശേരി റോഡ് കോൺക്രീറ്റിംഗ് എം. ബുക്ക് No.116/20-21 | 12.2688 | 28218.24/- | 11.34864 | 26101.87 | 2116.37 |
| 2 | പത്തിൽ മുതൽ പത്ത് വരെ റോഡ് നിർമ്മാണം നം 219/20-21 | 12.3809 | 29900/- | 11.452 | 26339 | 3561 /- |
| 3 | ചെങ്ങനാട്ട് മുതൽ കൊട്ടയ്ക്കാട് വരെ റോഡ് നിർമ്മാണം M. Book Nxo.236/20-21 | 28.35 M3 | 65205 | 26.22 | 60306 | 4899 |
| 4 | കുറ്റപ്പശ്ശേരി റോഡ് നിർമ്മാണം അടങ്കൽ തുക 500352 /- എം. ബുക്ക് നം. 191/20-21 | 29.25 | 67275 | 27.06 | 62238 | 5037 |
| 5 | വലിയപറമ്പ് നടപ്പാത നിർമ്മാണം എം. ബുക്ക് നം. 208/20-21/ | 7.5075 | 17267.25 | 6.9445 | 15972.35 | 1295 |

11 . MGNREG പ്രവൃത്തികൾ - എം. ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ

MGNREG -ഗ്രാമപഞ്ചായത്തിൽ 2019-20 നടപ്പാക്കിയതും 2020-21 വർഷം പേമെന്റ് ചെയ്യുതുമായ കയർ ഭുവസ്ത്രം വിരിക്കുന്ന പ്രവൃത്തികളുടെ മെറ്റിരിയൽ ചെലവുകളിൽ എം. ബുക്കിലെ രേഖപ്പെടുത്തലുകളും ഫൈനൽ പേമെന്റും തമ്മിൽ വ്യത്യാസം കാണപ്പെടുകയുണ്ടായി.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തിയുടെ പേര്/എം ബുക്ക് നം. | വർക്ക് കോഡ് | എം ബുക്ക് പ്രകാരമുള്ള മെറ്റീരിയൽ ചെലവ് | ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പ്രകാരം മെറ്റിരിയൽ ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാരാറ്റ് പാടം വാച്ചാൽ കയർ ഭുവസ്ത്രം ഉപയോഗിച്ച് പുനരുദ്ധാരണം | 323328 | 165557 /- | 127365 /-<br>(122850 -24/07/20<br>4515-5/12/20) | 122850 -24/07/20<br>4515-5/12/20 |
| 2 | നാനേകാട് പാടം ബണ്ട് നവീകരണം കയർ ഭ്രുവസ്ത്രം ഉപയോഗിച്ച്<br>M Book No.47/19-20 | 356888 | 82504 /- | 77910/-<br>(68250 – 24.07.20<br>9660 – 5.12.20 ) | 9660/- രൂപ ബാംബൂ വാങ്ങിയതിന് നൽകിയെങ്കിലും ബില്ല് ലഭ്യമാക്കിയിട്ടില്ല |
| 3 | കാക്കാഴം പാടം ബണ്ട് കയർ ഭുവസ്ത്രം ഉപയോഗിച്ച് നവീകരണം<br>എം ബുക്ക് നം 06/19-20 | 351472 | 212965.86/- | 184275/-<br>24/07/20 | ബാംബൂ -4559 /<br>ഡിസ്പ്ലേബോർഡ് 4000 /<br>തുക നൽകിയിട്ടില്ല |
| 4 | താമരപ്പള്ളി റോഡ് ആഴം കൂട്ടൽ കയർ 5ഭുവസ്ത്രം<br>M Book No.53/19-20 | 332899 | 159036 | 151840/-<br>/5.12.20 | |
| 6 | കോലടിക്കാട്ട് പാടം ബണ്ട് സംരക്ഷണം കയർ ഭുവസ്ത്രം ഉപയോഗിച്ച്<br>എം. ബുക്ക്. നം. - 39/19-20 | 354685 | 190573 /- | 171015 /-<br>(84500 – 24.07.20<br>4515 – 5.12.20<br>78000 – 24.7.29<br>4000 – 5.12.20) | |

ഓരോ പ്രവൃത്തിക്കായും ഉപയോഗിക്കുന്ന മെറ്റീരിയലുകളുടെ അളവുകളും നിരക്കും ഏരിയയും എം. ബുക്കിൽ തെറ്റായി രേഖപ്പെടുത്തുന്നതിനാലാണ് മേൽ സൂചിപ്പിച്ച തരത്തിൽ തുകകളിൽ വ്യത്യസം ഉണ്ടായത്. യാതൊരു വിധ സൈറ്റ് പരിശോധനയും കൂടാതെയാണ് ഒട്ടു മിക്ക പ്രവൃത്തികളുടെയും എം. ബുക്ക് തയ്യാറാക്കിയിട്ടുള്ളത്. സൈറ്റ് പരിശോധനയോ മറ്റ് വിശദമായ പരിശോധനയോ, കരാറുകാരൻ ലഭ്യമാക്കുന്ന മെറ്റീരിയൽ ബില്ലുകളോ പരിശോധിക്കാതെയാണ് ഇത്തരത്തിൽ എം.ബുക്ക് തയ്യാറാക്കിയിട്ടുള്ളത്. എം. ബുക്കിലെയും ഫൈനൽ പേമെന്റിലെ വ്യത്യാസവും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അവിദഗ്ധ തൊഴിലാളികളുടെ വേതനം പ്രവൃത്തി പൂർത്തികരിച്ച് 6 ദിവസത്തിനകം കൊടുക്കേണ്ടതിനാൽ കയർ ഭുവസ്ത്രത്തിന്റെ ബില്ല് ലഭ്യമാകുന്നതിന് മുൻപേ എം. ബുക്ക് എഴുതി ബില്ല് പാസാക്കുന്നതിനാലാണ് ഈ വ്യത്യാസം ഉണ്ടാകുന്നതെന്ന് അറിയിക്കുകയുണ്ടായി. സൈറ്റ് പരിശോധന നടത്തി കയർ ഭുവസ്ത്രം വിരിച്ച ഏരിയ കൃത്യമായി രേഖപ്പെടുത്തി വേണം എം. ബുക്ക് തയ്യാറാക്കേണ്ടത്. ടി വർക്കുകളിൽ പ്രവർത്തി നിർവ്വഹണം സംബന്ധിച്ച ആധികാരിക രേഖയായ അളവുപുസ്തകത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നതിൽ നിന്നും, ചെയ്ത ജോലിയുടെ അളവുകൾ തന്നെയാണോ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് സംശയിക്കുന്നു. ഇത്തരത്തിൽ അലക്ഷ്യമായും അശ്രദ്ധമായും എം. ബുക്ക് തയ്യാറാക്കുന്നതിനാൽ ഫൈനൽ പേമെന്റിൽ ക്രമക്കേട് സംഭവിക്കാനുള്ള സാധ്യതയുണ്ട്. ആകയാൽ മേൽ രേഖപ്പെടുത്തിയ പ്രകാരം അനർഹമായി കരാറുകാരന് തുക നൽകുവാനിടയായിട്ടുണ്ടോയെന്നത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർന്നുള്ള പ്രവൃത്തികളിൽ വ്യക്തതയോടും ശ്രദ്ധയോടും കൂടി എം. ബുക്ക് തയ്യാറാക്കി ഫൈനൽ പേമെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12 .മെറ്റീരിയൽ വർക്കുകൾക്കായി കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിലെക്കാളും തുക അനുവദിച്ചു

വിശദാംശം ചുവടെ ചേർക്കുന്നു.

1)എം. ബുക്ക് നമ്പർ - 241/20-21 ( വാഹിദയുടെ വീട് മുതൽ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ് )

വർക്ക് കോഡ് - 1611001001/RC/320018

മെറ്റീരിയൽസ് ലഭ്യമാക്കിയതിന് കരാറുകാരന് നൽകിയ തുക – 166755/-, (ബിൽ നം./തീയതി, 3200181 /31.3.21)

- 163354 /- , (ബിൽ നം. /തീയതി, 3200182 /31.3.21)

മേൽ പ്രവൃത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

മെറ്റീരിയൽസ് വാങ്ങിയ ബില്ലിൽ ഇൻവോയ്സ് നമ്പരോ ബിൽ നമ്പരോ ചേർത്തിട്ടില്ല

കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിൽ ഓരോ ഇനത്തിനും നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ള അളവിന്റെ ആകെ തുക ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നതിലും തെറ്റുകൾ ഉണ്ട്. തന്മൂലം കരാറുകാരന് അർഹമായതിലും അധികം തുക നൽകുവാനിടയായിട്ടുണ്ട്. ഉദാഹരണമായി 35.035 Cum ഗ്രാവലിന് 1000/- രൂപ നിരക്കിൽ 35035/- രൂപയ്ക്ക് പകരം ടാക്സബിൾ വാല്യൂ ആയി കാണിച്ചിരിക്കുന്നത് 54288/- രൂപയാണ്, ഇത്തരം തെറ്റുകൾ എല്ലാ മെറ്റീരിയൽസിന്റെയും വിലയിൽ ഉണ്ടായിട്ടുണ്ട്.

കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിലെ മെറ്റിരിയൽസിന്റെ അളവിനേക്കാൾ അധികരിച്ച അളവുകളാണ് എം. ബുക്കിൽ ചേർത്ത് ഫൈനൽ പേമെന്റ് ചെയ്തിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | ഇൻവോയ്സ് പ്രകാരം മെറ്റിരിയൽസിന്റെ അളവ്, തുക | | എം. ബുക്കിൽ രേഖപ്പെടുത്തിയ മെറ്റിരിയൽസിന്റെ അളവ്, തുക | | അധികമായി നൽകിയത് |
|---|---|---|---|---|---|
| | അളവ് | റേറ്റ് / തുക | അളവ് | റേറ്റ് | |
| ഗ്രാവൽ | 37.035 | *1000 = 37035 /- | 50.85 | *1000 50850 /- | 13.815 *1000 13815 /- |
| 40 എം എം മെറ്റൽ | 11.0175 | *2300 25340.25 | 11.0175 | *2300 25340.25 | വ്യത്യസമില്ല |
| 20mm മെറ്റൽ | 14.1968 | *2300 32653 | 26.781 | *2300 61596 .30/- | 12.584 *2300 28944 /-* |
| 10mm മെറ്റൽ | 2.7159 | *2400 6518 /- | 7.458 | *2400 17899 .20/- | 4.7421*2400 11381 /- |
| സാൻഡ് | 17.0978 | *2400 41035 /- | 23.052 | *2400 55325 .80/- | 5.9542 *2400 14290 /- |
| സിമന്റ് | 8.1477 Tn | *8200 66811 /- | 13.7295 | *8200 112581.90/- | 5.5818 *8200 45771/- |
| Mixer / Vibrator | | 5640 /- | | 6656 .27 /- | 1016 .27 /- |
| | | ആകെ അധികമായി നൽകിയത് | | | 115217 /- |

2) എം ബുക്ക് നമ്പർ - 189/20-21

വർക്ക് കോഡ് - 1611001001/RC/304198

മെറ്റിരിയൽസിന് കരാറുകാരന് നൽകിയ തുക – 158590.94/- , (ബിൽ നം./തീയതി, 304198/29.3.21)

- 159724/-, (ബിൽ നം /തിയതി , 3041981 /29 .3.21)

മേൽ പ്രവൃത്തി സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു

1. മെറ്റീരിയൽസ് വാങ്ങിയ ബില്ലിൽ ഇൻവോയ്സ് നമ്പരോ ബിൽ നമ്പരോ ചേർത്തിട്ടില്ല.

2.കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സിലെ; ചില മെറ്റീരിയൽസിന്റെ അളവിനേക്കാൾ അധികരിച്ച അളവുകളാണ് എം. ബുക്കിൽ ചേർത്ത് ഫൈനൽ പേമെന്റ് ചെയ്തിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | ഇൻവോയ്സ് പ്രകാരം | | എം ബുക്ക് പ്രകാരം | | അധികമായി നൽകിയത് |
|---|---|---|---|---|---|
| | അളവ് | റേറ്റ് / തുക | അളവ് | റേറ്റ് | |
| ഗ്രാവൽ | 54.45 | *1000 = 54450 /- | 50.45 | *1000 54450 /- | വ്യത്യസമില്ല |
| 40 എം എം മെറ്റൽ | 22.4172 | *2300 51560 | 22.74 | *2300 52302 /- | 742 /- |
| 20mm മെറ്റൽ | 14.7661 | *2300 | 20.02 | *2300 | 12083.97 /- |

| | | | | | |
|---|---|---|---|---|---|
| | | 33962.03 /- | | 46046 | |
| 10mm മെറ്റൽ | 2.1307 | *2400 5113.68 /- | 3.88 | *2400 9312 /- | 4198.32 /- |
| സാൻഡ് | 20.5192 | *2400 49246.08 | 24.214 | *2400 58113.6 /- | 8867.52 /- |
| സിമന്റ് | 8.9622 | *8200 73490.04 /- | 11.44 | *8200 93808 /- | 20317.96 /- |
| Mixer / Vibrator | | 5075 /- | | 5075 | വ്യത്യസമില്ല |
| | | ആകെ അധികമായി നൽകിയത് | | | 46209.77 Rounded 46210 |

മുകളിൽ ചേർത്തിരിക്കുന്ന രണ്ട് പ്രവൃത്തികളിലും പൊതുവായി കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

.കരാറുകാരന്റെ ഇൻവോയ്സിൽ ഓരോ ഇനത്തിലും ആകെ മൂല്യം രേഖപ്പെടുത്തിയിട്ടുള്ളത് യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ വളരെയധികം കൂടുതലായിട്ടാണ് കാണിച്ചിരിക്കുന്നത്, അങ്ങനെയാണെങ്കിൽ എന്ത് അടിസ്ഥാനമാക്കിയാണ് ബില്ലിൽ നിന്നും വ്യത്യസ്തമായ അളവിൽ എം ബുക്കിൽ അളവുകൾ ചേർത്തിരിക്കുന്നത് എന്ന് വ്യക്തമല്ല.

പ്രവർത്തി നിർവ്വഹിക്കപ്പെടുമ്പോൾ തന്നെ സൈറ്റിൽ വെച്ച് പ്രവർത്തി നിർവ്വഹണ ചുമതലയുള്ള എൻജിനീയർ/ഓവർസിയർ വെരിഫിക്കേഷൻ നടത്തി ചെയ്ത പ്രവൃത്തിയുടെ അളവും, മൂല്യവും, എം ബുക്കിൽ രേഖപ്പെടുത്തണമെന്നിരിക്കെ, കരാറുകാരൻ പൂർണ്ണമായും മെറ്റിരിയൽസ് ലഭ്യമാക്കാതെ തന്നെ, ആയതിനെക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കരാറുകാരൻ ഹാജരാക്കിയ തെറ്റായ ഇൻവോയ്സ് പരിശോധിക്കാതെയാണ് തുക നൽകിയത് .

മേൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളിലുമായി കരാറുകാരന് അധികമായി നൽകിയ തുക 161427/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളിൽ മേൽ സൂചിപ്പിച്ചതുപോലുള്ള സമാനമായ അപാകതകൾ ഉണ്ട്, എന്നാൽ പരിമിതമായ സമയപരിധിക്കുള്ളിൽ എല്ലാ ഫയലുകളും പരിശോധിക്കുവാൻ സാധിക്കാത്തതിനാൽ തൊഴിലുറപ്പ് പദ്ധതികളുടെ ടി കാലയളവിലെയും മുൻ വർഷങ്ങളിലെയും നിർവ്വഹണം സംബന്ധിച്ച് ഒരു തുടർ അന്വേഷണം നടത്തേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 ഡയറക്റ്റ് ട്രാൻഫർ | 14000 | അനുപൂരക പോഷകാഹാരം 14/21 | 140000 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 27/21 | 100000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 ഡയറക്റ്റ് ട്രാൻഫർ | 1400000 | 183, ലൈഫ് -സമ്പൂർണ്ണ പാർപ്പിട പദ്ധതി -സ്ഥലം വാങ്ങൽ (ജനറൽ)) | 1400000 | 0 |
| | | 100000 | അനുപൂരക പോഷകാഹാരം 14/21 | 100000 | |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 27/21 | 300000 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1740000/-രൂപ വരവുണ്ട്. മുൻബാക്കി 30320000/-രൂപയടക്കം 32060000/-രൂപയിൽ 32000000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 1740000 | 28393529 | 2678863 | 0 | 27454666 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 2-6(2) | 12300 | മാനേജർ, അൽഹുദ ഇംഗ്ലീഷ് സ്കൂൾ | 119010102182, 15/06/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 100 | ആൻസിൽ | 119010103333 22/7/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 350 | ഷെഫീക് ബഷീർ | 119010103405 , 23/7/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 370 | പ്രസിഡണ്ട്, സീ എക്സ്പോർടെർസ് അസോസിയേഷൻ | 119010103582 , 29/7/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 100 | ഷൌകത്ത്, കണ്ടൻ കുളങ്ങര | 119010103616,01/08/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 1000 | എ. എം. ബഷീർ, ഉണ്ടിൽ വീട് | 119010103622 , 1/8/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 200 | അബ്ദുല്ല, അസ്സ സീ ഫുഡ് | 119010103664 , 1/8/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 400 | കെ. എസ്. ജയരാജൻ | 119010103666 , 01/8/2019 |
| 2018-19 | *ഓഡിറ്റ് അന്വേഷണം 18 | 400 | നൌഫൽ ഷരീഫ് | 119010103707, 3/8/2019 |
| 2018-19 | *ഓഡിറ്റ് അന്വേഷണം 18 | 400 | നിസാം. എം | 119010103708, 3/8/2019 |
| 2018-19 | *ഓഡിറ്റ് അന്വേഷണം 18 | 500 | ഷജീന | 119010103715, 3/8/2019 |
| 2018-19 | 3-3 | 4500 | മുഹമ്മദ് ഹസ്സൻ, കോൺട്രാക്ടർ | 119010105330, 14/10/2019 |
| 2018-19 | 3-3 | 2250 | ഗ്രിഗറി, തയ്യിൽ | 119010105329, 14/10/2019 |
| 2018-19 | 2-3(B) | 500 | പ്രിൻസിപ്പൽ, ഗവ: ഡെന്റൽ കോളേജ് | 119010105781 |
| 2018-19 | 2-4 | 300 | ജയകൃഷ്ണൻ | 119010106510, 16/11/2019 |

* 2018-19 ഓഡിറ്റ് വേളയിൽ നല്കിയ ഓഡിറ്റ് അന്വേഷണം നം: 18 ന്റെ അടിസ്ഥാനിൽ ഈടാക്കിയ തുക. എന്നാൽ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് ഉൾപ്പെടുത്തിയിരുന്നില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-23 | 2014-15 | 13 | ആട്ട വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2013-14 | 3-3 | 2014-15 | 17 | കാലിത്തൊഴുത്ത് നിർമ്മാണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | സർചാർജ്ജ് സർട്ടിഫിക്കറ്റ് | റവന്യൂ റിക്കവറി | കോടതി വ്യവഹാരങ്ങളില് | ആകെ ലഭ്യമായ | അവശേകുന്ന തുക / | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | തുക (രസീത് നമ്പര്/ തീയതി) | പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | ഉള്പ്പെട്ട തുക | ഈടാക്കിയ തുക | തുക | ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2008-09 | 3.12 | സെബാസ്റ്റ്യൻ. ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | എൽ .എഫ് 2600/ ബി3/ 2013 തീയതി 9/03/2015 | 165000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 165000 | 27/04/2015 ലെ 8(2) നമ്പർ തീരുമാനപ്രകാരം ആർ ആർ നടത്താൻ തീരുമാനിച്ചു. |
| 2 | 2007-08 | 3-12 | ബി. ജോയ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | എൽ.എഫ്. 2599/ സി എസ് സി / ബി3/2013 തീയതി 7/4/2015 | 30000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30000 | 10.03.2013ഇൽ രജിസ്റ്റേഡ് ആയി നോട്ടീസ് നൽകി. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :84576920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :77490248 |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :13000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :3957466 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

## ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 153622 | ഡോ. വിനീത പി.എം, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-16(12) | 161427 | രാജ്കുമാർ ജി, സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് |
| 1-19 | 150000 | ഡോ.ഗോപകുമാർ വി.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-21 | 1300000 | ഡോ.ഗോപകുമാർവി.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-22 | 187200 | ഡോ.ഗോപകുമാർ വി.വി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-24 | 300000 | രാജ്കുമാർ ജി,സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് |
| 1-25 | 627320 | രാജ്കുമാർ ജി,സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് |
| 1-26 | 814000 | രാജ്കുമാർ ജി,സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് |
| 1-29 | 68685 | ലൂസി എ.ഐ, സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-33 | 5008 | അബ്ദുൾ ലത്തീഫ്, ഹെഡ്മാസ്റ്റർ, ഗവ.യു പി.സ്കൂൾ |
| 1-34 | 312500 | ഡോ. ബിജു.എസ്, വെറ്ററിനറി സർജൻ |
| | | |

| | |
|---|---|
| ആകെ | 3957466 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-16-13000/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-16

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജ്കുമാർ ജി, സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | വലിയപുരയ്ക്കൽ,പഴവീട് പി.ഒ, ആലപ്പുഴ |
| ഡോ.വിനീത. പി.എം, മെഡിക്കൽ ഓഫീസർ, ഹോമിയോ | ഗവ.ഹോമിയോഡിസ്പെൻസറി,സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | ഇരുപതിൽചിറ, പുന്നപ്ര |
| ലൂസി. എ.ഐ, സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഫിഷറീസ് ഓഫീസർ, വൈക്കം | കുന്നേൽ,പുല്ലംപ്ലാവ്, മാവേലിക്കര |
| അബ്ദുൾ ലത്തീഫ്, ഹെഡ്മാസ്റ്റർ, ഗവ.യു പി.സ്കൂൾ | ഹെഡ്മാസ്റ്റർ, ഗവ.യു പി.സ്കൂൾ | സലാമത്ത് ഡെയ്ൽ, കാക്കാഴം, വണ്ടാനം. |
| ഡോ.ഗോപകുമാർ. വി.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | വിജയഭവനം, പൊന്നേഴ, തെക്കേക്കര മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2000-01<br>2001-02<br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എപി4-605/11/28.11.11/03.12.11 |
| 2008-09 | എൽ.എഫ്.എപി4-606/11/30.11.11/03.12.11 |
| 2009-10 | എൽ.എഫ്.എപി8-503/12/17.7.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എപി8-112/13/8.4.13/25.06.13 |
| 2012-13 | എൽ.എഫ്.എപി8-966/14/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി8-1071/15/4.09.15/05.10.15 |
| 2014-15 | കെ.എസ്.എ.- എ.എൽ.പി.-പി.8/623/2016തീയതി 13.06.2016 |
| 2015-16 | കെ.എസ്.എ.- എ.എൽ.പി.-പി.8-1334/16 /02.12.16 |
| 2016-17 | കെ.എസ്.എ.- എ.എൽ.പി.-പി.8-857/17/5.7.17 |
| 2017-18 | കെ.എസ്.എ.- എ.എൽ.പി.-പി.8-1207/2018/31.08.2018 |
| 2018-19 | കെ.എസ്.എ.- എ.എൽ.പി.-പി.8 -826/2019 / 26.07.2019 |
| 2019-20 | കെ.എസ്.എ.- എ.എൽ.പി.-പി........................................... |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്